കേരള വനം-വന്യജീവി വകുപ്പ്

# വിഷൻ-2031

## നയരേഖ

കാടിന് സംരക്ഷണം...
നാടിന് വികസനം..

കേരള വനം-വന്യജീവി വകുപ്പ്

# വിഷൻ-2031

# നയരേഖ

# പ്രഖ്യാപിത നയം

ആവാസവ്യവസ്ഥകളെ പരിപോഷിപ്പിച്ച്,
സ്വാഭാവികവനങ്ങളെ പുഷ്ടിപ്പെടുത്തി,
കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷത്തിന്
കാരണമാകുന്ന ഘടകങ്ങളെ ലഘൂകരിച്ച്,
പ്രകൃതിയോടൊപ്പം സഹവർത്തിത്വത്തോടെ
ജീവിക്കാൻ കഴിയുന്ന, ജല-പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്ന,
പ്രാദേശിക സമൂഹങ്ങൾക്ക് സുസ്ഥിരവും സമഗ്രവുമായ
പുരോഗതി ഉറപ്പാക്കുന്ന ജൈവവൈവിധ്യ സമ്പന്നമായ
ഒരു ഹരിതപരിസ്ഥിതി സൃഷ്ടിക്കുക.

വിഷൻ-2031

# പ്രധാന ലക്ഷ്യങ്ങൾ

- സംഘർഷ സാഹചര്യങ്ങൾ പരമാവധി കുറച്ചു കൊണ്ട്, മനുഷ്യരും വന്യ ജീവികളും പരസ്പരപൂരകങ്ങളാകുന്ന തരത്തിലുള്ള സഹവർത്തിത്വം ഉറപ്പാക്കും.

- വനവൽക്കരണത്തിലൂടെയും സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന ത്തിലൂടെയും Carbon Neutral Kerala യാഥാർത്ഥ്യമാക്കും.

- പൊതുജനങ്ങൾക്കായി വനംവകുപ്പ് നല്കി വരുന്ന എല്ലാ സേവനങ്ങ ളും സമയബന്ധിതമായി നൽകുന്നതിനും, സുതാര്യമായ ഭരണശൈലി യും, ജനസൗഹൃദ ഭരണപരിഷ്ക്കാരങ്ങളും നടപ്പാക്കും.

- വനം-വന്യജീവി-പ്രകൃതി സംരക്ഷണത്തിന്റെ സമസ്തമേഖലകളിലും നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ആധുനികവൽക്കരണം നടപ്പാക്കും.

- സംരക്ഷണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തവും, മറ്റ് വകുപ്പുകളു ടെ സമന്വയവും ഉറപ്പാക്കി വനം-വന്യജീവി- പരിസ്ഥിതി സംരക്ഷണം ശക്തിപ്പെടുത്തും.

- ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ വനേതര പ്രദേശങ്ങളിൽ നട ത്തുന്ന ഹരിതവൽക്കരണ പ്രവർത്തികളെ ജനസൗഹൃദവും സുസ്ഥിര വുമായ ഹരിത പ്രസ്ഥാനമായി വളർത്തും.

- പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ പ്രകൃതി സംരക്ഷണ വും, ഒപ്പം സാമൂഹിക-സാമ്പത്തിക നേട്ടങ്ങളും ലഭ്യമാക്കുന്ന ഉത്തരവാ ദിത്ത ടൂറിസമായി ഇക്കോടൂറിസത്തെ മാറ്റും.

വിഷൻ-2031

# പ്രധാന മേഖലകൾ

## മേഖല-1

## വനവൽക്കരണവും സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനവും വനസംരക്ഷണവും

### ലക്ഷ്യം 1

### സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപന നയം 2021 പൂർണ്ണ തോതിൽ നടപ്പാക്കുക

പല കാരണങ്ങൾ കൊണ്ട് ശോഷണം നേരിട്ടിട്ടുള്ള ആവാസവ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുന്നതിനും, തദ്ദേശീയ സസ്യജന്തുജാലങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, ജല-പാരിസ്ഥിതിക സുരക്ഷയും മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങളും ഉറപ്പാക്കുന്നതിനും, ആവാസവ്യവസ്ഥ മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കുന്നതിനുമായി ഭൂപ്രദേശം (landscape) അടിസ്ഥാനമാക്കിയുള്ള സമീപനം സ്വീകരിക്കും. ഇതിനായി സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപന നയം 2021-ൽ വിഭാവനം ചെയ്തിട്ടുള്ള നയസമീപനങ്ങൾക്കനുസരിച്ചാവും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

### അവലംബന രീതി

1. ഇക്കോ-റെസ്റ്റോറേഷൻ ചെയ്യുവാനായി കണ്ടെത്തിയ ക്ഷയിച്ച വനമേഖല/ അധിനിവേശ സസ്യങ്ങൾ ഉള്ള പ്രദേശങ്ങൾ/ ഉൽപ്പാദന ക്ഷമത കുറഞ്ഞ തോട്ടങ്ങൾ എന്നിവയുടെ 50% എങ്കിലും തദ്ദേശ ഇനങ്ങൾ വച്ചു പിടിപ്പിച്ചു സ്വാഭാവികവനമാക്കി മാറ്റുന്നതിനായുള്ള നടപടികൾ സ്വീകരിക്കും.

2. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷൻ (KFDC) -ന്റെ അധികാരപരിധിയിലുള്ള വിദേശ ഏകവിള തോട്ടങ്ങളിൽ ഏതാണ്ട് 1000 ഹെക്ടർ തോട്ടം സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കും.
3. പുനഃസ്ഥാപിത മേഖലകളിൽ തദ്ദേശീയസസ്യങ്ങളുടെ അനുപാതം 80%-ൽ അധികമാക്കും.
4. വനമേഖലകളിൽ കാർബൺ സംഭരണ നിരീക്ഷണ സംവിധാനം (Forest Carbon Monitoring System) ഏർപ്പെടുത്തും.
5. പുനഃസ്ഥാപന പുരോഗതി വിലയിരുത്തുന്നതിനായി ജി.ഐ.എസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും.

## ലക്ഷ്യം 2

## വനങ്ങൾ പാരിസ്ഥിതിക സേവനങ്ങൾക്കായി (Forests for Ecosystem Services) - പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യനിർണ്ണയം

കേരളത്തിലെ വനങ്ങൾ നല്കി വരുന്ന പാരിസ്ഥിതിക സേവനങ്ങൾ (Ecosystem Services) മെച്ചപ്പെടുത്തുന്നതും, ജലം, മണ്ണ്, വായു, കാർബൺ, ജൈവവൈവിധ്യം എന്നിവയുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതുമായ ആധുനിക ശാസ്ത്ര-സാങ്കേതിക മാനേജ്മെന്റ് സംവിധാനങ്ങൾ രൂപപ്പെടുത്തും.

### അവലംബന രീതി

1. പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യനിർണ്ണയം - ജലം, തടിയേതര വനം ഉൽപ്പന്നങ്ങൾ (NTFPs), തടിയുടെ ലഭ്യത, മണ്ണിന്റെ ഫലഭൂയിഷ്ഠത, മണ്ണൊലിപ്പ് നിയന്ത്രണം, ജലസംരക്ഷണം, കാർബൺ സ്വാംശീകരണം (Carbon sequestration), മലിനീകരണ നിയന്ത്രണ സേവനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചു നടപ്പിലാക്കും.
2. ജലസ്രോതസ്സുകളിലേക്കും കാർബൺ സംഭരണത്തിലേക്കും ഉള്ള വനങ്ങളുടെ സംഭാവന അളക്കുന്ന നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കും.
3. പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യനിർണ്ണയം അടിസ്ഥാനമാക്കി പേയ്മെൻറ് ഫോർ ഇക്കോസിസ്റ്റം സർവീസസ് (PES) പദ്ധതികൾ രൂപപ്പെടുത്തും.

## ലക്ഷ്യം 3

### വനാതിർത്തികളെ സംബന്ധിച്ച് ഡിജിറ്റൽ സർവ്വേയിലൂടെ കൃത്യത വരുത്തുക; ഭൂമിയുടെ ക്രയവിക്രയം സംബന്ധിച്ച ആശങ്കകൾ ദൂരികരിക്കുക

കേരളത്തിലെ വനാതിർത്തികൾ ഡിജിറ്റൽ സർവേ മുഖേന കൃത്യമായി നിർവചിച്ച്, ഭൂമിയുടെ ഉടമസ്ഥതയും ക്രയവിക്രയവുമായി ബന്ധപ്പെട്ട നിയമപരമായ ആശങ്കകൾ പരിഹരിക്കും.

### അവലംബന രീതി

1. സംസ്ഥാനത്തെ എല്ലാ റിസർവ് വനങ്ങൾ, നിക്ഷിപ്ത വനങ്ങൾ, പ്രൊപ്പോസ്ഡ് റിസർവുകൾ, ഇക്കോ സെൻസിറ്റീവ് മേഖലകൾ എന്നിവയുടെ ഡിജിറ്റൽ സർവേ പൂർത്തിയാക്കും.
2. ആവർത്തന പരിശോധനകൾക്കായി ഡിജിറ്റൽ റിവ്യൂ സംവിധാനം നടപ്പാക്കും.
3. ഡിജിറ്റൽ ബൗണ്ടറി വെരിഫിക്കേഷൻ ടൂൾ തയ്യാറാക്കും.

## ലക്ഷ്യം 4

### കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക

കേരളത്തിലെ വനമേഖലകളിൽ കാട്ടുതീയുടെ വ്യാപ്തി ഗണ്യമായി കുറയ്ക്കുന്നതിന്, ആധുനിക സാങ്കേതികവിദ്യകളും ശാസ്ത്രീയ മുന്നറിയിപ്പ് സംവിധാനങ്ങളും ഉപയോഗിച്ച്, ജനപങ്കാളിത്തത്തോടെ കാട്ടുതീ പ്രതിരോധസംവിധാനം ഊർജ്ജിതപ്പെടുത്തും.

### അവലംബന രീതി

1. AI/ML അടിസ്ഥാനത്തപ്പെടുത്തിയുള്ള കാട്ടുതീ സാദ്ധ്യത പ്രദേശങ്ങളുടെ മാപ്പുകളും (Fire Vulnerability Map), റിയൽടൈം അലർട്ട് സംവിധാനങ്ങളും സജ്ജമാക്കി അതിനനുസരിച്ച് കാട്ടുതീ പ്രതിരോധ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കും.
2. ഡ്രോണുകൾ, സാറ്റലൈറ്റ് ഇമേജിംഗ്, തെർമൽ ക്യാമറകൾ, സെൻസറുകൾ എന്നിവ ഉപയോഗിച്ച് വനമേഖലകൾ നിരീക്ഷിക്കും.

## ലക്ഷ്യം 5

## അധിനിവേശ സസ്യ-ജന്തുജാലങ്ങളെ നിയന്ത്രിക്കുക

അധിനിവേശ സസ്യ–ജന്തുജാലങ്ങളുടെ വ്യാപനം ശാസ്ത്രീയമായി നിയന്ത്രിച്ച്, തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ തദ്ദേശ ജൈവവൈവിധ്യം പുനഃസ്ഥാപിക്കുകയും, പരിസ്ഥിതിയുടെ സ്വാഭാവിക സന്തുലനാവസ്ഥ നിലനിർത്തുന്ന സമഗ്രമായ പുനഃസ്ഥാപന സംവിധാനം രൂപപ്പെടുത്തുകയും ചെയ്യും.

### അവലംബന രീതി

1. അധിനിവേശ സസ്യ–ജന്തുജാലങ്ങളുടെ ഡിജിറ്റൽ മാപ്പിംഗ് പൂർത്തിയാക്കും.
2. അതത് പ്രദേശങ്ങൾക്ക് അനുയോജ്യമായ മെക്കാനിക്കൽ, ബയോളജിക്കൽ, കെമിക്കൽ നിയന്ത്രണ മാർഗങ്ങൾ സംയോജിപ്പിച്ച ഹോളിസ്റ്റിക് മാനേജ്മെന്റ് മോഡൽ നടപ്പാക്കും.
3. അധിനിവേശ ഇനങ്ങൾ നീക്കം ചെയ്ത സ്ഥലങ്ങളിൽ തദ്ദേശീയ ഇനങ്ങൾ പുനഃസ്ഥാപിക്കും.

## ലക്ഷ്യം 6

## വനതോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക

കേരളത്തിലെ വനതോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത ശാസ്ത്രീയമായി വർദ്ധിപ്പിച്ച്, ഉയർന്ന ഗുണമേന്മയുള്ള തടിയുടെ ലഭ്യത ഉറപ്പാക്കുകയും, ആധുനിക വനതോട്ടപരിപാലന സംവിധാനം നടപ്പാക്കുകയും ചെയ്യും.

### അവലംബന രീതി

1. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മണ്ണ് മെച്ചപ്പെടുത്തൽ, വളപ്രയോഗം, കൃത്യസമയത്ത് ഇടവെട്ട് തുടങ്ങിയ നിലവിലെ ശാസ്ത്രീയ മാർഗങ്ങൾക്ക് പുറമെ ആധുനികസാങ്കേതിക വിദ്യയും യന്ത്രവൽക്കരണവും നടപ്പിലാക്കും.
2. എല്ലാ പ്ലാന്റേഷനുകളുടെയും ജി.ഐ.എസ് അടിസ്ഥാനത്തിലുള്ള Plantation Information System തയ്യാറാക്കും.
3. ശാസ്ത്രീയ മാർഗങ്ങളും ആധുനിക സാങ്കേതിക സംവിധാനങ്ങളും അവലംബിച്ച് തീവ്രപരിപാലന രീതികളിലൂടെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷൻ (KFDC)-ന്റെ നാണ്യവിള തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കും.

## ലക്ഷ്യം 7

## തടി, തടിയേതര വന വിഭവങ്ങളിൽ നിന്നും ആധുനിക വിപണന രീതികളിലൂടെ വിദേശനാണ്യം ഉൾപ്പെടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കും

തടി/തടിയേതര വനവിഭവങ്ങളുടെ ഉത്പ്പാദനം വർദ്ധിപ്പിച്ചും മൂല്യവർദ്ധനവിലൂടെയും, ആധുനിക വിപണന സംവിധാനങ്ങളിലൂടെ, ആഭ്യന്തര/ അന്തർദേശീയ വിപണികളിൽ നിന്നും വിദേശനാണ്യം ഉൾപ്പെടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കും.

### അവലംബന രീതി

1. വനശ്രീ യൂണിറ്റുകൾ മുഖേന ആധുനിക രീതിയിലുള്ള പ്രോസസ്സിംഗ്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, പാക്കേജിംഗ്, ബ്രാൻഡിംഗ് എന്നിവ നടപ്പാക്കും.
2. Kerala Forest Brand രൂപപ്പെടുത്തി, സുസ്ഥിരതയും ഗുണമേന്മയും പ്രതിനിധീകരിക്കുന്ന സർട്ടിഫിക്കേഷൻ സംവിധാനം നടപ്പാക്കും. അന്തർദേശീയ വിപണന സാദ്ധ്യതകൾ പരിശോധിക്കും .
3. സ്മാർട്ട് മാർക്കറ്റിംഗ് അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ ട്രാക്കിംഗ്, ഗ്രീൻ ലേബലിംഗ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കും.
4. വനംവകുപ്പിന്റെ റവന്യൂ മോണിറ്ററിംഗ് പോർട്ടൽ വഴി തടി, NTFP, എന്നിവയിൽ നിന്നുള്ള വരുമാനം ഏകോപിപ്പിച്ച് നിരീക്ഷിക്കും.

## ലക്ഷ്യം 8

## നിയമങ്ങളും ചട്ടങ്ങളും കാലാനുസൃതമായി പരിഷ്കരിക്കും

വനസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ കൊണ്ടുവരും.

### അവലംബന രീതി

1. വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും ആധുനിക സാഹചര്യങ്ങൾ അനുസരിച്ച് കാലാകാലങ്ങളിൽ പരിഷ്കരിക്കുക.
2. വനം-വന്യജീവി കുറ്റകൃത്യങ്ങൾക്കെതിരായ അന്വേഷണം, വിചാരണ, ശിക്ഷ എന്നിവ വേഗത്തിലാക്കുന്നതിനുള്ള നിയമപരമായ ശാക്തികരണം ഉറപ്പാക്കുക.

## ലക്ഷ്യം 9

## ഭരണപരമായ അതിരുകൾ ശാസ്ത്രീയമായി പഠിച്ച് ആവശ്യമെങ്കിൽ പുനഃക്രമീകരിക്കും

ജീവജാലങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തി landscape തലത്തിലുള്ള പ്ലാനിങ്ങിനു സഹായകരമാകുന്ന തരത്തിലും, മെച്ചപ്പെട്ട രീതിയിൽ വനസംരക്ഷണ/ കാട്ടുതീ പ്രതിരോധ/ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനും ഭരണപരമായ സൗകര്യവും പരിഗണിച്ചു ഭരണപരമായ അതിരുകൾ ശാസ്ത്രീയമായി പഠിച്ച്, ആവശ്യമെങ്കിൽ പുനഃക്രമീകരിക്കും. ഇതിലൂടെ വനം സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും പ്രദേശത്തിന്റെ പാരിസ്ഥിതിക ആവശ്യങ്ങൾക്ക് അനുയോജ്യമാക്കാനും സാധിക്കും.

## അവലംബന രീതി

1. പാരിസ്ഥിതിക യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന തരത്തിൽ അഡ്മിനിസ്ട്രേറ്റീവ് അതിരുകൾ പുനഃക്രമീകരിക്കും: മെച്ചപ്പെട്ട തരത്തിലുള്ള വനസംരക്ഷണ/ കാട്ടുതീ പ്രതിരോധ/ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനും ഭരണപരമായ സൗകര്യവും പരിഗണിച്ചു ഭരണപരമായ അതിരുകൾ ശാസ്ത്രീയമായി പഠിച്ച്, ആവശ്യമെങ്കിൽ പുനഃക്രമീകരിക്കും.
2. അതത് പ്രദേശങ്ങളിലെ ഭരണം മെച്ചപ്പെടുത്തും : ജോലിഭാരം തുല്യമായി വിഭജിച്ച് ഫീൽഡ് സ്റ്റാഫിന് എത്തിപ്പെടുന്നതിനും പ്രതികരണ ശേഷി മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിൽ പാരിസ്ഥിതിക യാഥാർത്ഥ്യവും കണക്കിലെടുത്തു ഭരണപരമായ അതിരുകൾ പുനക്രമീകരിക്കും.

# മേഖല-2

# വന്യജീവി സംരക്ഷണവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും

## ലക്ഷ്യം 1 വന്യജീവി ഇടനാഴികൾ പുനരുജ്ജീവിപ്പിക്കുക

കേരളത്തിൽ കണ്ടെത്തിയിട്ടുള്ള വന്യജീവി ഇടനാഴികളെ (Identified Wildlife Corridors) ശാസ്ത്രീയമായി പുനരുജ്ജീവിപ്പിച്ച്, വന്യജീവികളുടെ സ്വാഭാവിക സഞ്ചാരം ഉറപ്പാക്കുകയും സമഗ്ര ഇക്കോളജിക്കൽ കണക്റ്റിവിറ്റി സൃഷ്ടിക്കുകയും ചെയ്യും.

### അവലംബന രീതി

1. കേരളത്തിൽ കണ്ടെത്തിയിട്ടുള്ള എല്ലാ പ്രധാന വന്യജീവി ഇടനാഴികളുടെയും GIS അധിഷ്ഠിത മാപ്പിംഗ് പൂർത്തിയാക്കുക. Wildlife Corridor Monitoring Dashboard തയ്യാറാക്കും.
2. വന്യജീവികളുടെ സഞ്ചാരപാതകളും തടസ്സങ്ങളും സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ (Telemetry, Camera Trapping, Remote Sensing) നടത്തും.
3. വന്യജീവി ഇടനാഴികളിൽ വന്യജീവികളുടെ സഞ്ചാരത്തിനു ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ വന്നിട്ടുണ്ടെങ്കിൽ, പുനഃസ്ഥാപിക്കുന്നതിനായി ഇക്കോ-റസ്റ്റോറേഷൻ പദ്ധതികൾ നടപ്പാക്കും.
4. ഇടനാഴി പ്രദേശങ്ങളിലെ ജനവാസമേഖലകളിൽ സംഘർഷ മാപ്പിംഗ് നടത്തി മനുഷ്യ-വന്യജീവി സഹവാസ മാതൃകകൾ രൂപപ്പെടുത്തും.
5. കേരള, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുമായി ചേർന്ന് നിലവിലുള്ള ഇന്റർ-സ്റ്റേറ്റ് കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്ന വിഷയങ്ങളിൽ ഇന്റർ-സ്റ്റേറ്റ് കോറിഡോർ മാനേജ്മെന്റ് കൂടി ഉൾപ്പെടുത്തും.

## ലക്ഷ്യം 2 വന്യജീവി സംരക്ഷണം ഊർജ്ജിതപ്പെടുത്തും

വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ സംരക്ഷണവും, സ്ഥിരതയുള്ള/ജീവനക്ഷമമായ എണ്ണം (viable population) നിലനിർത്തുകയുമാണ് ലക്ഷ്യം. നിർണായക ആവാസവ്യവസ്ഥകളെ (Critical Habitats) സംരക്ഷിക്കുകയും നാശോന്മുഖമായ പ്രദേശങ്ങളെ പുനഃസ്ഥാപിക്കുകയും ചെയ്ത്,ജീവജാലങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കും.

### അവലംബന രീതി

1. അപൂർവവും വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങൾക്കായി പ്രത്യേക സംരക്ഷണ–പുനരുജ്ജീവന പദ്ധതികൾ നടപ്പിലാക്കി വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെ സംരക്ഷിക്കും.
2. ആവാസവ്യവസ്ഥക്ക് ശോഷണം സംഭവിച്ചിട്ടുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞ്, പുനഃസ്ഥാപന പദ്ധതികൾ വഴി അവയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ വീണ്ടെടുക്കും.
3. വനം–വന്യജീവി സർവേകൾ, ക്യാമറ ട്രാപ്പുകൾ, ഡ്രോൺ മോണിറ്ററിംഗ് എന്നിവയുടെ സഹായത്തോടെ ജീവികളുടെ എണ്ണം നിരന്തരം നിരീക്ഷിക്കുകയും ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള പരിപാലനമാർഗങ്ങൾ നടപ്പിലാക്കുകയും ചെയ്യും.

## ലക്ഷ്യം 3 പാമ്പ് കടിയേറ്റുള്ള മരണം പൂർണമായും ഇല്ലാതാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നത്

കേരളത്തിൽ പാമ്പ് കടിയേറ്റ് മനുഷ്യജീവൻ നഷ്ടപ്പെടുന്നത് പൂർണ്ണമായും ഇല്ലാതാക്കുക എന്നതാണ് ലക്ഷ്യം. മിഷൻ സർപ്പ (Mission SARPA) പോലുള്ള സംയോജിത ശ്രമങ്ങളിലൂടെ പാമ്പ് കടി ഏൽക്കാതിരിക്കുവാനുള്ള മുൻകരുതൽ നടപടികൾ, അഥവാ പാമ്പ് കടി ഏറ്റാൽ ലഭ്യമാക്കേണ്ട അടിയന്തര ചികിത്സ, ആന്റിവെനം ലഭ്യത, പൊതുജന ബോധവൽക്കരണം എന്നിവ ഉറപ്പാക്കി “Zero Snakebite Death Kerala” ലക്ഷ്യമാക്കുകയാണ് വനം വകുപ്പ്.

### അവലംബന രീതി

1. മിഷൻ സർപ്പ (Mission SARPA) - പ്രതിരോധം, രക്ഷാപ്രവർത്തനം, ചികിത്സ, ബോധ

വൽക്കരണം എന്നിവ ഉൾപ്പെടുത്തി പാമ്പ് കടി ഗണ്യമായി കുറയ്ക്കുവാനും പാമ്പ് കടിയേറ്റാൽ മരണം സംഭവിക്കാതിരിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുന്നത് വഴി കേരളത്തിൽ പാമ്പ് കടി മൂലമുള്ള മരണം പൂർണമായും ഇല്ലാതാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കും.

2. എല്ലാ സർക്കാർ–സ്വകാര്യ ആശുപത്രികളിലും ആവശ്യമായ ആന്റിവെനം ശേഖരം സ്ഥിരമായി ഉറപ്പാക്കുകയും, പാമ്പ് കടിയേറ്റ രോഗികളുടെ അടിയന്തര ചികിത്സയ്ക്കായി അടിയന്തര ചികിത്സാ സഹായം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കും.
3. പാമ്പിനെ കണ്ടാൽ പരിശീലനം നേടിയ റസ്ക്യൂവേഴ്സ് (snake rescuers)-ന്റെ സേവനം ലഭ്യമാക്കി, ഉത്തരവാദിത്വപരമായ ഇടപെടൽ നടത്തുന്നതും, സുരക്ഷിതമായ രക്ഷാപ്രവർത്തനത്തിലൂടെ മനുഷ്യജീവന് സുരക്ഷയും, പാമ്പുകളെ അവയുടെ ആവാസവ്യവസ്ഥയിൽ തിരികെ വിടുന്നതും പ്രോത്സാഹിപ്പിക്കും.

---

## ലക്ഷ്യം 4

## മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിന് ജനപങ്കാളിത്തത്തോടെയുള്ള സമീപനം സ്വീകരിക്കുക

ജനപങ്കാളിത്തത്തോടെയുള്ള സാമൂഹിക സമീപനത്തിലൂടെ മനുഷ്യ–വന്യജീവി സംഘർഷം ഗണ്യമായി കുറയ്ക്കും.

### അവലംബന രീതി

1. വനാതിർത്തി/വനമേഖലയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളെ PRT/JJS മുഖേനയുള്ള സംഘർഷ നിയന്ത്രണ പ്രവർത്തനങ്ങളിൽ ഊർജ്ജിതപ്പെടുത്തും.
2. ഡ്രോണുകൾ, തെർമൽ ക്യാമറകൾ, AI അധിഷ്ഠിത മുന്നറിയിപ്പ് സംവിധാനങ്ങൾ, മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് റിയൽടൈം നിരീക്ഷണം ഉറപ്പാക്കും.
3. ഗ്രീവൻസ് റെഡ്രസ്സൽ പോർട്ടൽ വഴി പരാതികൾക്കും പരിഹാര നടപടികൾക്കും സുതാര്യത ഉറപ്പാക്കും.

## ലക്ഷ്യം 5

### RRT-കളെ ശക്തിപ്പെടുത്തുക

RRT സംഘങ്ങൾക്ക് കാലാകാലങ്ങളിൽ ആധുനിക ഉപകരണങ്ങളും പരിശീലനങ്ങളും നല്കി, വേഗതയും കൃത്യതയോടെയുമുള്ള ഇടപെടലിനും ഫലപ്രദമായ മനുഷ്യ-വന്യജീവി സംഘർഷ നിയന്ത്രണത്തിനും ശേഷിയുള്ള അത്യാധുനിക യൂണിറ്റുകൾ ആക്കും.

### അവലംബന രീതി

1. വൈൽഡ് ലൈഫ് റെസ്ക്യൂ കിറ്റുകൾ, ട്രാങ്ക്വിലൈസർ ഗൺ, ഡ്രോണുകൾ, തെർമൽ ക്യാമറകൾ, GPS, ഫയർ കിറ്റുകൾ, മൊബൈൽ കമാൻഡ് വാഹനങ്ങൾ എന്നിവ RRT യൂണിറ്റുകൾക്ക് ലഭ്യമാക്കും.
2. സിമുലേഷൻ ഡ്രില്ലുകൾ, മോക് ഓപ്പറേഷനുകൾ എന്നിവ നടപ്പിലാക്കും.
3. സംസ്ഥാന തലത്തിൽ സ്ഥാപിച്ചിട്ടുള്ള State Forest Emergency Operation Centre (SFEOC)-നെ ഒരു Incident Command and Control സംവിധാനം കൂടിയാക്കി റിയൽടൈം അലർട്ട്, ട്രാക്കിംഗ്, റിപ്പോർട്ടിംഗ് സംവിധാനം എന്നിവ നടപ്പാക്കും.
4. വനം, പോലീസ്, ഫയർ ഫോഴ്സ്, പ്രാദേശിക ഭരണസംവിധാനങ്ങൾ എന്നിവയുമായി ചേർന്ന് ഏകോപിതമായ പ്രതികരണ സംവിധാനം ഉറപ്പാക്കും.

---

## ലക്ഷ്യം 6

### സ്വയം സന്നദ്ധ പുനരധിവാസം – സുരക്ഷയിലേക്കും പുരോഗതിയിലേക്കുമുള്ള മാർഗ്ഗം

വനത്തിനകത്ത് സുരക്ഷിതമല്ലാതെ ജീവിക്കുന്നവർക്ക് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതികളിലൂടെ വനത്തിന് പുറത്തേക്കു മാറി താമസിക്കുവാനും സുരക്ഷിതമായ ജീവിതവും ഒപ്പം മെച്ചപ്പെട്ട ഉപജീവന-സാമൂഹ്യ സേവനങ്ങളും ഉറപ്പാക്കുവാനും കഴിയുന്ന പദ്ധതി പ്രോത്സാഹിപ്പിക്കും.

### അവലംബന രീതി

1. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി വഴി ഉൾവനത്തിൽ സുരക്ഷിതമല്ലാതെ ജീവിക്കുന്ന ആൾക്കാർക്ക് വനത്തിനു പുറത്തേക്കു മാറി താമസ്സിക്കുവാനും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ലഭ്യമാക്കുന്നത് ഉറപ്പു വരുത്തും.

## ലക്ഷ്യം 7

### ആവാസവ്യവസ്ഥാപരിപോഷണം

വന്യജീവികൾ ഉൾപ്പടെ തദ്ദേശീയ ജൈവവൈവിധ്യത്തിനു അനുയോജ്യമായ ആവാസവ്യവസ്ഥ പുനഃസ്ഥാപിച്ച്, പരിസ്ഥിതിപരമായ സന്തുലിതാവസ്ഥ നിലനിർത്തുന്ന സമഗ്ര ആവാസ സംരക്ഷണ മാതൃക സൃഷ്ടിക്കും.

### അവലംബന രീതി

1. പുൽമേടുകൾ, തണ്ണീർത്തടങ്ങൾ, ചോലവനങ്ങൾ തുടങ്ങി വിവിധതരം ആവാസവ്യവസ്ഥകളുടെ ശാസ്ത്രീയ പുനഃസ്ഥാപനം നടപ്പാക്കും.
2. അധിനിവേശ ഇനങ്ങൾ നീക്കം ചെയ്ത് തദ്ദേശീയ ഇനങ്ങളിലൂടെ ജൈവവൈവിധ്യം പുനഃസ്ഥാപിക്കും.
3. ഹാബിറ്റാറ്റ് ക്വാളിറ്റി ഇൻഡക്സ് (HQI) വികസിപ്പിച്ച് ആവാസ വ്യവസ്ഥയുടെ ഗുണമേന്മ അളക്കാനും വിലയിരുത്താനുമുള്ള സംവിധാനം സൃഷ്ടിക്കും.

## ലക്ഷ്യം 8

### ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കും

വന്യജീവികളുടെ സഞ്ചാരപഥങ്ങൾ നിരീക്ഷിക്കുവാനും, സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിയാനും, സമയോചിത ഇടപെടലുകൾക്കുമായി ആധുനിക സാങ്കേതിക സംവിധാനങ്ങൾ (AI, ഡ്രോൺ, സെൻസർ, തെർമൽ ക്യാമറ തുടങ്ങിയവ) ഉപയോഗിച്ച് സുസ്ഥിരമായ വന്യജീവി മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കും.

### അവലംബന രീതി

1. AI അധിഷ്ഠിത റിയൽടൈം ഡാറ്റാ അനലിറ്റിക്സ് ഉൾപ്പടെയുള്ള ഇന്റലിജന്റ് നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് വന്യജീവികളുടെ സഞ്ചാര രീതികൾ തിരിച്ചറിയും.
2. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള സംസ്ഥാന തലത്തിലുള്ള State Forest Emergency Operation Centre (SFEOC)-ലും ഡിവിഷൻ തലത്തിൽ സ്ഥാപിച്ചിട്ടുള്ള Forest Division Emergency Operation Centre (FDEOC)–ലും അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ ഉറപ്പാക്കും.

3. മൊബൈൽ ആപ്പുകളും Command Control Dashboards മുഖേന അലർട്ട് സംവിധാനം സജ്ജമാക്കും.
4. വനം വകുപ്പ്, പ്രാദേശിക ഭരണസംവിധാനങ്ങൾ എന്നിവ ചേർന്ന് State-level Smart Wildlife Response Network സ്ഥാപിക്കുകയും, State Forest Emergency Operation Centre (SFEOC), Forest Division Emergency Operation Centre (FDEOC) എന്നിവയുമായി ബന്ധിപ്പിച്ച് കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കും.

## ലക്ഷ്യം 9 സംഘർഷ ലഘൂകരണത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം

മനുഷ്യ–വന്യജീവി സംഘർഷ ലഘൂകരണത്തിന് വനം, പരിസ്ഥിതി, പോലീസ്, റവന്യൂ, തദ്ദേശഭരണം, കൃഷി, മൃഗസംരക്ഷണം, ദുരന്തനിവാരണം തുടങ്ങി വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപിത ഇടപെടലിനായുള്ള സംവിധാനം സ്ഥാപിച്ച്, വേഗതയേറിയതയും ഫലപ്രദവുമായ പ്രതികരണം ഉറപ്പാക്കും.

### അവലംബന രീതി

1. സംസ്ഥാനതലത്തിൽ 'Human–Wildlife Conflict Coordination Cell' രൂപീകരിച്ച് എല്ലാ ബന്ധപ്പെട്ട വകുപ്പുകളെയും ഏകോപിപ്പിക്കും.
2. വനം, പോലീസ്, ദുരന്തനിവാരണം, റവന്യൂ, തദ്ദേശഭരണം എന്നിവയുടെ ഡാറ്റാബേസുകൾ തമ്മിൽ ബന്ധിപ്പിച്ചു Common Alert & Response Platform വികസിപ്പിക്കും.
3. Joint Response and Rapid Assistance-ന്റെ ഭാഗമായി വനം, പോലീസ്, റവന്യൂ, ആരോഗ്യം, തദ്ദേശഭരണം തുടങ്ങിയ വകുപ്പുകൾ ചേർന്ന് Joint Response Protocol തയ്യാറാക്കി അടിയന്തര ഇടപെടലിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി നടപ്പിലാക്കും. ഇതിൽ വനംവകുപ്പിലെ State Forest Emergency Operation Centre (SFEOC)-യും Forest Division Emergency Operation Centre (FDEOC)-യും പ്രധാന പങ്കു വഹിക്കും.

മേഖല-3

# പങ്കാളിത്ത വനപരിപാലനവും വനാശ്രിത സമൂഹങ്ങളുടെ ഉന്നമനവും

## ലക്ഷ്യം 1

### പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി സ്വയംപര്യാപ്തമാക്കും

വനസംരക്ഷണത്തിന്റെ കാവലാളായി വർത്തിക്കുന്ന വനാശ്രിത സമൂഹങ്ങളുടെ വനത്തെ ആശ്രയിച്ചുള്ള വിവിധ ഉപജീവന മാർഗ്ഗങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ചും, വൈവിധ്യവൽക്കരിച്ചും പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തികൊണ്ട് അവരുടെ വനാശ്രിതത്വം കുറയ്ക്കും.

### അവലംബന രീതി

1. സംഘടിത വിപണന-മൂല്യവർദ്ധന സംവിധാനങ്ങൾ മുഖേന സാമ്പത്തിക സ്ഥിരത ഉറപ്പാക്കും.
2. വനശ്രീ സംരംഭങ്ങൾ, ഇക്കോടൂറിസം, കരകൗശലം, ആഗ്രോഫോറസ്ട്രി, തടിയേതര വനവിഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി പുതിയ ഉപജീവന മാർഗങ്ങൾ വികസിപ്പിക്കും.

## ലക്ഷ്യം 2

### വനാശ്രിത സമൂഹങ്ങളുടെ സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുക

പരിസ്ഥിതി ഇക്കോടൂറിസം, തടിയേതര വനോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയും വിപണനവും മുഖേന വനാശ്രിത സമൂഹങ്ങൾക്ക് സ്ഥിര തയാർന്ന വരുമാനവും സുസ്ഥിര സാമ്പത്തിക വളർച്ചയും ഉറപ്പാക്കും.

## അവലംബന രീതി

1. വനാശ്രിത കുടുംബങ്ങൾക്ക് ഉദ്യമ പരിശീലനം, മൈക്രോ ഫിനാൻസ്, സഹകരണ സംവിധാനങ്ങൾ എന്നിവ വഴി സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കും.
2. സ്ത്രീശാക്തീകരണ പദ്ധതികളും യുവജനപങ്കാളിത്തവും മുഖേന സമൂഹത്തിന്റെ സമഗ്ര സാമ്പത്തിക വളർച്ച ഉറപ്പാക്കും.

## ലക്ഷ്യം 3

### വനാധിഷ്ഠിതമല്ലാത്ത മാതൃകകൾ സൃഷ്ടിക്കുകവഴി ഉപജീവനമാർഗ്ഗങ്ങൾ വൈവിധ്യവൽക്കരിക്കുക

വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ച്, കാർഷികം, കൈത്തൊഴിൽ, സേവന–വ്യവസായ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ടു സുസ്ഥിരമായ വനാധിഷ്ഠിതമല്ലാത്ത ഉപജീവനമാർഗങ്ങൾ വികസിപ്പിക്കും.

## അവലംബന രീതി

1. കൈത്തൊഴിൽ, ആഗ്രോ-പ്രോസസ്സിംഗ്, പ്രകൃതിദത്തമായ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, മൈക്രോ–എന്റർപ്രൈസ് വികസനം, പാരമ്പര്യ തൊഴിൽ തുടങ്ങിയ മേഖലകളിൽ വനാധിഷ്ഠിതമല്ലാത്ത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും.
2. കാർഷിക–വന സംയോജിത മോഡലുകൾ (Agroforestry Models) വികസിപ്പിച്ച് വരുമാനസ്രോതസുകൾ വർദ്ധിപ്പിക്കും.
3. ഓർഗാനിക് ഉൽപ്പന്നങ്ങൾ, പ്രാദേശിക ഭക്ഷ്യവിഭവങ്ങൾ, പ്രകൃതിദത്തമായ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി ഇ–മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ തയ്യാറാക്കും.

## ലക്ഷ്യം 4

### വനാശ്രിതരുടെ സാമൂഹിക ഉന്നമനത്തിനായുള്ള മാർഗങ്ങൾ ആവിഷ്കരിക്കുക

വനാശ്രിത കുടുംബങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹിക സുരക്ഷ, വനിതാ–യുവശാക്തീകരണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ വികസനം ഉറപ്പാക്കി, സാമൂഹികമായി ഉൾക്കൊള്ളുന്ന ജീവിതനിലവാരമുള്ള സമൂഹമായി മാറ്റുവാനും വേണ്ട സഹായങ്ങൾ ഉറപ്പുവരുത്തും.

## അവലംബന രീതി

1. വനാശ്രിതരുടെ കുട്ടികൾക്ക് സ്കൂൾ-കോളേജ് വിദ്യാഭ്യാസവും സ്കോളർഷിപ്പ് പദ്ധതികളും, യുവജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരതയും ലഭ്യമാക്കുന്നതിനു വഴിയൊരുക്കും.
2. വനപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ, സാമൂഹിക സുരക്ഷാ പാക്കേജ് എന്നിവ നടപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കും.

---

## ലക്ഷ്യം 5

## വനാശ്രിത സമൂഹങ്ങളുടെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യ അറിവുകളും സംരക്ഷിക്കുക

വനാശ്രിത സമൂഹങ്ങൾ ആധുനിക കാലത്തിനൊപ്പം വളർച്ചയ്ക്കും സാമൂഹിക സാമ്പത്തിക വികസനത്തിനും പൂർണ്ണ ശേഷി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അതോടൊപ്പം അവരുടെ തനതായ സാംസ്കാരിക പൈതൃകം, പാരമ്പര്യ അറിവുകൾ, വനവുമായി അവർക്കുള്ള അഭേദ്യമായ ബന്ധം എന്നിവ ശക്തിപ്പെടുത്തുകയും ശാശ്വതമായി നിലനിർത്തുകയും ചെയ്യും.

വനാശ്രിത സമൂഹങ്ങൾ ആധുനിക കാലത്തിനൊപ്പം വളർച്ചയ്ക്കും സാമൂഹിക സാമ്പത്തിക വികസനത്തിനും പൂർണ്ണ ശേഷി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അതോടൊപ്പം അവരുടെ തനതായ സാംസ്കാരിക പൈതൃകം, പാരമ്പര്യ അറിവുകൾ, വനവുമായി അവർക്കുള്ള അഭേദ്യമായ ബന്ധം എന്നിവ ശക്തിപ്പെടുത്തുകയും ശാശ്വതമായി നിലനിർത്തുകയും ചെയ്യും.

## അവലംബന രീതി

1. ആദിവാസി കലാരൂപങ്ങൾ, ആചാരങ്ങൾ, പരമ്പരാഗത ചികിത്സാമാർഗങ്ങൾ, വനവുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ എന്നിവ ഡിജിറ്റൽ രീതിയിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കും.
2. Tribal Heritage Digital Repository തയാറാക്കി പൈതൃക അറിവുകൾ ഭാവിതലമുറയ്ക്കായി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കും.
3. Traditional Medicinal Knowledge, Sustainable Harvest Practices, Eco-friendly Craftsmanship തുടങ്ങിയ മേഖലകളിൽ ഗവേഷണവും നിയമപരമായ സംരക്ഷണവും ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കും.

4. Intellectual Property Rights (IPR) സംവിധാനങ്ങളിലൂടെ ഗോത്ര പാരമ്പര്യ അറിവുകൾക്ക് നിയമപരമായ അംഗീകാരവും ലാഭവിഹിത സംവിധാനവും ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കും.

## ലക്ഷ്യം 6

## ബയോഡൈവേഴ്സിറ്റി മോണിറ്ററിംഗ് കമ്മിറ്റികളെ (BMC) പങ്കാളിത്ത വനപരിപാലന സംവിധാനവുമായി ബന്ധിപ്പിക്കും

വനസംരക്ഷണത്തിലും ജൈവവൈവിധ്യ സംരക്ഷണത്തിലും പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി ബയോഡൈവേഴ്സിറ്റി ആക്റ്റ് പ്രകാരം നിലവിലുള്ള ബയോഡൈവേഴ്സിറ്റി മോണിറ്ററിംഗ് കമ്മിറ്റികളെ (BMCs) പങ്കാളിത്ത വനപരിപാലന (Participatory Forest Management – PFM) സംവിധാനവുമായി ബന്ധിപ്പിക്കും. ഇത് വഴി ജൈവവൈവിധ്യ സംരക്ഷണം, പാരിസ്ഥിതിക സേവനങ്ങൾ, പ്രകൃതി വിഭവങ്ങളുടെ നീതിപൂർണ്ണമായ ഉപയോഗം എന്നിവ ഉറപ്പാക്കുകയും ചെയ്യും.

### അവലംബന രീതി

1. VSS/EDC കളിൽ BMC പ്രതിനിധികളെ ക്ഷണിതാവായി ഉൾപ്പെടുത്തി ജൈവവൈവിധ്യ സംരക്ഷണം, പാരിസ്ഥതിക സേവനങ്ങൾ എന്നിവ സംബന്ധിച്ച ശാസ്ത്രീയമായി തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യും.
2. ബയോഡൈവേഴ്സിറ്റി മൂല്യം തിരിച്ചറിഞ്ഞു Access and Benefit Sharing (ABS) യിലൂടെ ലഭിക്കുന്ന ഫണ്ടുകൾ പ്രാദേശിക സംരക്ഷണ പദ്ധതികൾക്കും സമൂഹക്ഷേമ പദ്ധതികൾക്കും വിനിയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കും.

മേഖല - 4

# സാമൂഹിക വനവൽക്കരണവും സാധ്യതകളും

## ലക്ഷ്യം 1

### വനത്തിന് പുറത്തുള്ള വൃക്ഷാവരണം വർദ്ധിപ്പിക്കുക (TOF)

കാർഷിക-വനവൽക്കരണ മാതൃകകൾ (Agroforestry Models) പ്രോത്സാഹിപ്പിച്ച്, വനത്തിന് പുറത്തുള്ള വൃക്ഷാവരണം വർദ്ധിപ്പിക്കുകയും, കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുകയും ചെയ്യും.

### അവലംബന രീതി

1. സുസ്ഥിര കാർഷിക-വനസംയോജിത മാതൃകകൾ (Integrated Farm Forestry Models) പ്രചരിപ്പിച്ച് ഉൽപ്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കും.
2. കാർബൺ ക്രെഡിറ്റ് പദ്ധതികൾ, ഗ്രീൻ ഇൻസെന്റീവ് സ്കീമുകൾ, ട്രീ ഇൻഷുറൻസ് തുടങ്ങിയ പ്രോത്സാഹന പദ്ധതികൾ നടപ്പാക്കും.
3. TOF ഉൽപ്പന്നങ്ങൾക്ക് വനശ്രീ പോലുള്ള വിപണന ശൃംഖലകളും ഓൺലൈൻ ട്രേഡ് പ്ലാറ്റ്ഫോമുകളും ഒരുക്കും.

## ലക്ഷ്യം 2

### കണ്ടൽക്കാടുകൾ, കാവുകൾ തുടങ്ങി വനത്തിനു പുറത്തുള്ള പച്ചത്തുരുത്തുകൾ സംരക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുക

വനത്തിനു പുറത്തുള്ള കണ്ടൽക്കാടുകൾ, കാവുകൾ, ചതുപ്പ് പ്രദേശങ്ങൾ തുടങ്ങിയ പച്ചത്തുരുത്തുകളെ പരമാവധി സംരക്ഷിച്ച്, ജലസംരക്ഷണവും പ്രളയനിയന്ത്രണവും ജൈവവൈവിധ്യ സംരക്ഷണവും ഉറപ്പാക്കും.

## അവലംബന രീതി

1. കണ്ടൽക്കാടുകൾ, കാവുകൾ, ചതുപ്പ് പ്രദേശങ്ങൾ, തീരദേശ ആവാസവ്യവസ്ഥകൾ എന്നിവയുടെ GIS അടിസ്ഥാനത്തിലുള്ള മാപ്പിംഗ് പൂർത്തിയാക്കും.
2. 'Forests for Ecosystem Services' ആശയവുമായി ബന്ധപ്പെടുത്തി തണ്ണീർത്തട – കാവു സംരക്ഷണ പദ്ധതികൾ ശക്തിപ്പെടുത്തും.

## ലക്ഷ്യം 3

### നഗരവനങ്ങൾ, വിദ്യാവനങ്ങൾ തുടങ്ങിയ പച്ചത്തുരുത്തുകൾ പ്രോത്സാഹിപ്പിക്കും

നഗരവനങ്ങളും വിദ്യാവനങ്ങളും തുടങ്ങി വിവിധങ്ങളായ പച്ചത്തുരുത്തുകൾ വികസിപ്പിച്ച് വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും, ജലസുരക്ഷ ഉറപ്പാക്കുകയും, ആരോഗ്യകരമായ ജീവിതാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും.

## അവലംബന രീതി

1. നഗരങ്ങൾ, പട്ടണങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ "നഗരവനം", "വിദ്യാവനം", "ഗ്രീൻ പാർക്ക്", "Miyawaki Forest" തുടങ്ങിയ ഹരിത ഇടങ്ങൾ വികസിപ്പിക്കും.
2. Smart City, Local Body പദ്ധതികളുമായി ഏകോപനം ഉറപ്പാക്കി ഹരിത നഗര നയം (Green Urban Policy) നടപ്പാക്കും.
3. പുതുതായി നിർമ്മിക്കപ്പെടുന്ന റോഡുകളിൽ Avenue planting സാദ്ധ്യതകൾ പരിശോധിച്ചു നടപ്പിലാക്കും.
4. "My City, My Tree", "ഹരിത നഗരം" പോലുള്ള ജനപങ്കാളിത്ത കാമ്പെയിനുകൾ വഴി ബോധവൽക്കരണം ഉറപ്പാക്കും.

## ലക്ഷ്യം 4

### പ്രകൃതി സംരക്ഷണത്തിനായുള്ള ജനകീയ പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കും

പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും എത്തുന്ന രീതിയിൽ പരിസ്ഥിതി ബോധവത്കരണം ഉറപ്പാക്കുകയാണ് ലക്ഷ്യം. പാഠ്യവിഷയങ്ങൾ, പത്ര-ദൃശ്യമാധ്യമങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദമായ ചിന്തയും ജീവിതരീതിയും വളർത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്.

## അവലംബന രീതി

1. സ്കൂളുകളും കോളേജുകളും വഴി ബോധവത്കരണം – വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധം വളർത്തുന്നതിനായി പ്രായോഗിക പഠനങ്ങൾ, പരിസ്ഥിതി പാഠ്യവിഷയങ്ങൾ എന്നിവ ഉറപ്പാക്കും.
2. പരിസ്ഥിതി സൗഹൃദ ജീവിതശൈലി–പരിസ്ഥിതി സൗഹൃദമായ ഉൽപ്പന്നങ്ങൾ, ശീലങ്ങൾ, യാത്രാമാർഗങ്ങൾ എന്നിവ സ്വീകരിക്കുന്നതിലൂടെ 'ഗ്രീൻ ലൈഫ്' എന്ന ആശയത്തിന്റെ പ്രചാരണം ഉറപ്പാക്കും.

## ലക്ഷ്യം 5

### വൃക്ഷവൽക്കരണം നഗരകാര്യ പദ്ധതികളുടെയും സ്മാർട്ട് സിറ്റികളുടെയും ആസൂത്രണ രേഖകളിൽ ഉൾപ്പെടുത്തും

കാലാവസ്ഥാവ്യതിയാനത്തെ നേരിടാനും വായു–ജല ഗുണനിലവാരം മെച്ചപ്പെടുത്താനും നഗര പ്രദേശങ്ങളെ കൂടുതൽ ഹരിതാഭമാക്കുന്നതുമാണ് ലക്ഷ്യം. നഗരവികസന പദ്ധതികളിലും സ്മാർട്ട് സിറ്റികളുടെ ആസൂത്രണരേഖകളിലും വൃക്ഷവൽക്കരണത്തെ പ്രധാന ഘടകമായി ഉൾപ്പെടുത്തുകയാണ് മറ്റൊരു ലക്ഷ്യം.

## അവലംബന രീതി

1. നഗരവികസന പദ്ധതികളിൽ വൃക്ഷവൽക്കരണത്തിന് പ്രത്യേക മാർഗരേഖകളും സ്റ്റാൻഡേർഡുകളും രൂപപ്പെടുത്തുകയും, പാർക്കുകൾ, വഴിയോരങ്ങളിലെ പ്ലാന്റിംഗ്, ഗ്രീൻ ബെൽറ്റ് മേഖലകൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്യും.
2. എല്ലാ സ്മാർട്ട് സിറ്റി പ്രോജക്റ്റുകളിലും ഹരിത മേൽക്കൂരകൾ (green roofs), vertical gardens, urban forests തുടങ്ങിയവ അവശ്യഘടകങ്ങളാക്കുവാനുള്ള നടപടി സ്വീകരിക്കും.
3. നഗരാസൂത്രണ രേഖകളിൽ വൃക്ഷവൽക്കരണം, ജലസംരക്ഷണം, പരിസ്ഥിതി സൗഹൃദ ആസൂത്രണം എന്നിവ ഉൾപ്പെടുത്തി നിർബന്ധമായും നടപ്പാക്കുക വഴി urban heat island പ്രതിഭാസം കുറച്ച് കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള നഗരങ്ങൾ സൃഷ്ടിക്കുക.

## ലക്ഷ്യം 6

**പരിസ്ഥിതി സാക്ഷരതയും പ്രകൃതിയെയും പ്രകൃതി സമ്പത്തുകളെയും (Nature and natural resources) കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് പ്രചരണം മെച്ചപ്പെടുത്തും**

വിദ്യാർത്ഥികളിലും പൊതുസമൂഹത്തിലും പ്രകൃതിയുടെയും പ്രകൃതി വിഭവങ്ങളുടെയും പ്രാധാന്യം ആഴത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ പരിസ്ഥിതി സാക്ഷരത വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പരിസ്ഥിതി വിദ്യാഭ്യാസം കൂടുതൽ ആകർഷകമാക്കുകയും, സ്വമേധയാ പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമാകാണമെന്ന ബോധം ജനങ്ങളിൽ വളർത്തുകയും ചെയ്യും.

### അവലംബന രീതി

1. ഡിജിറ്റൽ മീഡിയ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങി ഓരോ കാലത്തും ഉണ്ടാകുന്ന പുതിയ ആശയവിനിമയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പ്രകൃതി സംരക്ഷണ സന്ദേശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കും.
2. വനങ്ങളുടെയും പ്രകൃതി വിഭവങ്ങളുടെയും ദീർഘകാല സംരക്ഷണം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച്, പങ്കാളിത്തമുള്ള ഉത്തരവാദിത്തബോധമുള്ള പൗരന്മാരെ സൃഷ്ടിക്കും.

**മേഖല - 5**

# ഇക്കോ ടൂറിസം
# സുസ്ഥിര സമീപനം

## ലക്ഷ്യം 1

### ഇക്കോടൂറിസത്തെ പ്രാദേശിക പങ്കാളിത്തത്തോടെ പ്രകൃതിസംരക്ഷണ-ഉത്തരവാദിത്ത ടൂറിസമായി മാറ്റും

കേരളത്തിലെ ഇക്കോ-ടൂറിസത്തെ പ്രകൃതി സംരക്ഷണത്തോടും പ്രാദേശിക ജനപങ്കാളിത്തത്തോടും ബന്ധിപ്പിച്ച് ഉത്തരവാദിത്ത ടൂറിസമാക്കി മാറ്റുകയാണ് ലക്ഷ്യം. പ്രാദേശിക സമൂഹം നേരിട്ട് പങ്കാളികളാകുകയും, ആഴത്തിലുള്ള പരിസ്ഥിതി ബോധം പ്രചരിപ്പിക്കുകയും, സമ്പദ്‌വ്യവസ്ഥയിലും സംരക്ഷണത്തിലും സമന്വയം കൈവരിക്കുകയുമാണ് ഉദ്ദേശ്യം.

### അവലംബന രീതി

1. പരിസ്ഥിതി സംരക്ഷണം, മാലിന്യ നിയന്ത്രണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ഉറപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം മാർഗരേഖകൾ തയ്യാറാക്കി നടപ്പിലാക്കും.

## ലക്ഷ്യം 2

### ഇക്കോടൂറിസം അനുഭവങ്ങൾ വൈവിധ്യവൽക്കരിക്കും

കേരളത്തിലെ ഓരോ ഇക്കോ-ടൂറിസം മേഖലയെയും അതത് പ്രദേശത്തെ ഭൂപ്രകൃതി, ജൈവവൈവിധ്യം, സാംസ്കാരിക പൈതൃകം എന്നീ പ്രത്യേകതകൾക്കനുസരിച്ച് വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. പ്രകൃതിക്കും ആവാസവ്യവസ്ഥക്കും കേടുപാടുകൾ വരുത്താതെയുള്ള, പുതുമയും ഉത്തരവാദിത്വവും കൂടിച്ചേർന്ന ഇക്കോ-ടൂറിസം ആശയങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കും.

## അവലംബന രീതി

1. ഓരോ മേഖലയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് അനുഭവാധിഷ്ഠിത ടൂറിസം പ്രവർത്തികൾ രൂപപ്പെടുത്തും.
2. വനാശ്രിത സമൂഹങ്ങളുടെ കലാസാംസ്കാരിക അനുഭവങ്ങൾ, ഓരോ മേഖലയുടെയും പ്രത്യേകതയിൽ ഊന്നൽ നൽകിയുള്ള പ്രകൃതി അധിഷ്ഠിത പഠന യാത്രകൾ തുടങ്ങിയ പുതിയ അനുഭവങ്ങൾ വികസിപ്പിച്ച് സന്ദർശകർക്കായി വൈവിധ്യമാർന്ന സാദ്ധ്യതകൾ ഒരുക്കും.
3. നിലവിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾക്ക് പുറമെ, ബീച്ച് ടൂറിസം, മാൻഗ്രോവ് ടൂറിസം, വാർഷിക ഇക്കോ ടൂറിസം മേളകൾ തുടങ്ങിയ നൂതന ടൂറിസം സംരംഭങ്ങൾ നടപ്പിലാക്കുന്നത് വഴി കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷൻ (KFDC), നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ വൈവിധ്യവൽക്കരിക്കും.

## ലക്ഷ്യം 3

### ഇക്കോടൂറിസം കേന്ദ്രങ്ങളിൽ വാഹകശേഷിക്ക് അനുസരിച്ചുള്ള പ്രവേശനവും പരിസ്ഥിതി സൗഹൃദ-കാർബൺ ന്യൂട്രൽ സർട്ടിഫിക്കേഷനും നടപ്പിലാക്കും

കേരളത്തിലെ എല്ലാ ഇക്കോ-ടൂറിസം കേന്ദ്രങ്ങളെയും പരിസ്ഥിതി സൗഹൃദവും കാർബൺ ന്യൂട്രലുമായ മാതൃകാകേന്ദ്രങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം. പ്രകൃതിസംരക്ഷണ തത്വങ്ങൾ പാലിച്ച് സന്ദർശകരുടെ എണ്ണം വാഹകശേഷിക്ക് (carrying capacity) അനുസരിച്ച് നിയന്ത്രിക്കുകയും പരിസ്ഥിതിക്ക് ദോഷമുണ്ടാകാത്ത ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുകയും ചെയ്യും.

## അവലംബന രീതി

1. ഓരോ ഇക്കോ-ടൂറിസം കേന്ദ്രത്തിനും പരിസ്ഥിതിയെയും ആവാസവ്യവസ്ഥയെയും അടിസ്ഥാനമാക്കി വാഹകശേഷി പഠനങ്ങൾ നടത്തി സന്ദർശകരുടെ എണ്ണം നിയന്ത്രിക്കും.
2. കാർബൺ ഫുട്പ്രിന്റ് കുറയ്ക്കുന്ന പ്രവർത്തനങ്ങൾ, മാലിന്യ നിയന്ത്രണം, പുനരുപയോഗം എന്നിവ ഉറപ്പാക്കുന്ന ഗ്രീൻ സർട്ടിഫിക്കേഷൻ സംവിധാനം നടപ്പിലാക്കും.

## ലക്ഷ്യം 4

### ഇക്കോടൂറിസം കേന്ദ്രങ്ങൾ പൂർണ്ണമായും ഭിന്നശേഷി - വയോജന സൗഹൃദമാക്കി മാറ്റും

കേരളത്തിലെ എല്ലാ ഇക്കോ-ടൂറിസം കേന്ദ്രങ്ങളെയും ഭിന്നശേഷി/വയോജന സൗഹൃദമായ Inclusive & Accessible കേന്ദ്രങ്ങളാ

ക്കി മാറ്റുക എന്നതാണ് ലക്ഷ്യം. പ്രകൃതിയുടെ സൗന്ദര്യവും പഠനാനുഭവങ്ങളും എല്ലാവർക്കും സമാനമായി ലഭ്യമാക്കുന്ന തരത്തിൽ "Accessible Nature for All" എന്ന ആശയം യാഥാർത്ഥ്യമാക്കും.

കേരളത്തിലെ എല്ലാ ഇക്കോ-ടൂറിസം കേന്ദ്രങ്ങളെയും ഭിന്നശേഷി/വയോജന സൗഹൃദമായ Inclusive & Accessible കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. പ്രകൃതിയുടെ സൗന്ദര്യവും പഠനാനുഭവങ്ങളും എല്ലാവർക്കും സമാനമായി ലഭ്യമാക്കുന്ന തരത്തിൽ "Accessible Nature for All" എന്ന ആശയം യാഥാർത്ഥ്യമാക്കും.

## അവലംബന രീതി

1. വീൽചെയർ സൗകര്യങ്ങൾ, ഹാൻഡ്റെയിൽസ്, റാമ്പുകൾ, സൗകര്യപ്രദമായ ഗതാഗതം എന്നിവയുള്ള ഭിന്നശേഷി സൗഹൃദ ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ.
2. മുതിർന്ന പൗരന്മാർക്കും ആരോഗ്യപ്രശ്നമുള്ളവർക്കും അനുയോജ്യമായ ഇരിപ്പിടങ്ങൾ, മാർഗനിർദ്ദേശങ്ങൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവയോടെയുള്ള ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ
3. എല്ലാ ഇക്കോ-ടൂറിസം കേന്ദ്രങ്ങളിലും ഭിന്നശേഷി/വയോജന സൗഹൃദമായ സംവിധാനങ്ങൾ നിർബന്ധഘടകങ്ങളാക്കുന്ന ആസൂത്രണ മാർഗരേഖകളും മാനദണ്ഡങ്ങളും നടപ്പിലാക്കും.

## ലക്ഷ്യം 5

### പ്രകൃതി സംരക്ഷണത്തോടൊപ്പം പ്രാദേശിക സമൂഹങ്ങളുടെ സുസ്ഥിര ജീവനോപാധി ഉറപ്പാക്കും

പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രാദേശിക സമൂഹങ്ങളുടെ ഉപജീവനവ്യവസ്ഥയുമായി കൂടുതൽ സമന്വയിപ്പിച്ച് ഒരു സുസ്ഥിര മാതൃകയാക്കി മാറ്റുകയാണ് ലക്ഷ്യം. വനം-വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം, പ്രദേശവാസികളുടെ സാമ്പത്തിക പുരോഗതിയും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

## അവലംബന രീതി

1. വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി സുസ്ഥിര വിഭവശേഖരണരീതികൾ പ്രോത്സാഹിപ്പിക്കും.

## ലക്ഷ്യം 6

### PPP മോഡൽ വഴി ഇക്കോടൂറിസം പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കും

പബ്ലിക്-പ്രൈവറ്റ് പങ്കാളിത്തം (Public-Private Partnership) അടിസ്ഥാനമാക്കി ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുകയും, ദീർഘകാല പരിപാലനം ഉറപ്പാക്കുകയും ചെയ്യും. സർക്കാർ, സ്വകാര്യ മേഖല, പ്രാദേശിക സമൂഹങ്ങൾ എന്നിവ ചേർന്നുള്ള സഹനിക്ഷേപ മോഡലുകൾ നടപ്പിലാക്കും.

#### അവലംബന രീതി

1. PPP മോഡലിൽ സുസ്ഥിര ഇക്കോടൂറിസം ഹബ്ബുകൾ വികസിപ്പിക്കുക.
2. സമൂഹപങ്കാളിത്തം ഉറപ്പാക്കുന്ന സംരക്ഷണ-ടൂറിസം പദ്ധതികൾക്ക് നിക്ഷേപ സാധ്യതകൾ തുറക്കുക.
3. ലക്ഷ്യം -സർക്യൂട്ട് ടൂറിസം വികസനം: വനമേഖലയിലെയിലെയും തീരദേശമേഖലയിലെയും പ്രധാന ഇക്കോടൂറിസം കേന്ദ്രങ്ങൾ, ടൂറിസം സോണുകൾ, പ്രകൃതി പഠന കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് പുതിയ ടൂറിസം സർക്യൂട്ടുകൾ രൂപപ്പെടുത്തുക.

## ലക്ഷ്യം 7

### Differential Pricing സംവിധാനം നടപ്പിലാക്കും

ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകരുടെ തിരക്ക് പരിഗണിച്ചു സീസണുകൾക്കനുസരിച്ച് (peak season, off-season, weekend, weekday etc.) വ്യത്യസ്ത നിരക്കുകൾ നടപ്പിലാക്കുന്നതിലൂടെ മികച്ച രീതിയിൽ തിരക്ക് നിയന്ത്രണവും വരുമാന വർധനവും ഉറപ്പാക്കും. ഉത്സവകാലങ്ങളിലും അവധി ദിവസങ്ങളിലും വ്യത്യസ്ത നിരക്കുകൾ പ്രാബല്യത്തിലാക്കുകയും സാധാരണ ദിവസങ്ങളിൽ കുറഞ്ഞ നിരക്കുകൾ ഉറപ്പാക്കുകയും ചെയ്യും.

#### അവലംബന രീതി

1. അവധി ദിവസങ്ങളിലും ഉത്സവ സീസൺ കാലത്തും ഉയർന്ന നിരക്കുകളും സാധാരണ ദിവസങ്ങളിൽ ഇളവുള്ള നിരക്കുകളും നടപ്പിലാക്കി തിരക്ക് നിയന്ത്രിക്കുകയും വരുമാന സ്ഥിരത ഉറപ്പാക്കുകയും ചെയ്യുക.
2. എല്ലാ വിഭാഗങ്ങൾക്കും (പ്രാദേശികർ, വിദ്യാർത്ഥികൾ, കുടുംബങ്ങൾ, വിദേശ സന്ദർശകർ) പ്രാപ്യമായ നിരക്കുകൾ ഉറപ്പാക്കുക.
3. ഡിജിറ്റൽ ബുക്കിംഗ് സംവിധാനങ്ങൾ വഴി സീസൺ–വൈസ് നിരക്ക് മാറ്റങ്ങൾ സുതാര്യമായി പ്രദർശിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

# മേഖല - 6

# ആധുനികവൽക്കരണവും കാര്യക്ഷമമായ പൊതുജന സേവനവും

## ലക്ഷ്യം 1

**ഡ്രോണുകൾ, LIDAR, AI നിരീക്ഷണം എന്നിവയിലൂടെ മെച്ചപ്പെട്ട വനം-വന്യജീവി സംരക്ഷണം**

വനം–വന്യജീവി സംരക്ഷണത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ പരമാവധി പ്രയോജനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഡ്രോണുകൾ, LIDAR, AI അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്നിവയിലൂടെ വനമേഖലകളുടെ തത്സമയ നിരീക്ഷണവും, DSS അടിസ്ഥാനപ്പെടുത്തിയുള്ള വനപരിപാലനവും നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

### അവലംബന രീതി

1. വനമേഖലകളിൽ അനധികൃത പ്രവർത്തനങ്ങൾ, കാട്ടുതീ, മനുഷ്യ-വന്യജീവി സംഘർഷം ഉണ്ടാകുന്ന സാഹചര്യത്തിൽ വന്യജീവികളുടെ സഞ്ചാരപാത മനസ്സിലാക്കുന്നതിനും, പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിലും ഡ്രോണുകൾ ഉപയോഗിച്ചുള്ള തത്സമയ നിരീക്ഷണസംവിധാനം (near real-time) സ്ഥാപിക്കുകയും ഇത്തരം സാഹചര്യങ്ങളിൽ ഓട്ടോമേറ്റഡ് അലർട്ടുകൾ നൽകുന്ന AI സംവിധാനങ്ങൾ വികസിപ്പിക്കുകയും ചെയ്യും.
2. കാടിന്റെ ഘടന, ആവാസവ്യവസ്ഥ, വനാവരണം എന്നിവ കൃത്യമായി നിരീക്ഷിക്കുന്നതിനായി LIDAR മാപ്പിംഗ് സംവിധാനം ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കും.

## ലക്ഷ്യം 2

### പശ്ചിമഘട്ട വനമേഖലയുടെ ഡിജിറ്റൽ മോഡൽ വികസിപ്പിക്കും

പശ്ചിമഘട്ട വനമേഖലയെ ഡിജിറ്റൽ രീതിയിൽ അനുകരിക്കുകയും (Digital Twin) നിരീക്ഷിക്കുകയും ചെയ്യുന്ന സമഗ്രമായ സാങ്കേതിക പ്ലാറ്റ്ഫോം വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. GIS, Remote Sensing, IoT, AI/ML തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് വനമേഖലയിലെ മാറ്റങ്ങൾ, ആവാസവ്യവസ്ഥയിലും ജൈവവൈവിധ്യ സമ്പത്തിലും ഉണ്ടാകുന്ന വ്യത്യാസങ്ങൾ, എന്നിവ തത്സമയം (Near-real-time) മനസ്സിലാക്കുവാൻ കഴിയുന്ന സംവിധാനമാണ് ലക്ഷ്യമിടുന്നത്.

### അവലംബന രീതി

1. പശ്ചിമഘട്ടത്തിന്റെ ഭൂപ്രകൃതി, ആവാസവ്യവസ്ഥ, ജൈവവൈവിധ്യം എന്നിവ ഡിജിറ്റലായി അനുകരിക്കുന്ന മോഡൽ (Digital Twin) തയ്യാറാക്കുന്നതിന്റെ സാധ്യതകൾ പഠിച്ചു ഏതെങ്കിലും ഒരു ഭൂപ്രദേശത്ത് (ലാൻഡ് സ്കേപ്പിൽ) നടപ്പിലാക്കി, ആ മേഖലയിലെ നിരീക്ഷണവും വിലയിരുത്തലും കൂടുതൽ കൃത്യമാക്കും.
2. സാറ്റലൈറ്റ് ഡാറ്റ, സെൻസർ നെറ്റ്‌വർക്ക്, ജിയോസ്പേഷ്യൽ വിവരങ്ങൾ എന്നിവ സംയോജിപ്പിച്ചും വനമേഖലകളിൽ Automatic Weather Stations (AWS), പുഴയിലെയും മറ്റു നീരുരവുകളിലെയും വെള്ളത്തിന്റെ ഒഴുക്കിന്റെ അളവ് രേഖപ്പെടുത്തുന്നതിനുള്ള Automatic Water level Recorder, വനമേഖലകളിലെ കാലാവസ്ഥ, സസ്യാവരണം, ജലസ്രോതസ്സുകൾ തുടങ്ങിയ ഘടകങ്ങളുടെ തത്സമയ ഡാറ്റ (Near real-time date) ശേഖരിച്ച് വനസംരക്ഷണ പരിപാലന പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തും.

## ലക്ഷ്യം 3

### സേവനങ്ങൾ വിരൽ തുമ്പിൽ - കൂടുതൽ സൗകര്യങ്ങളുള്ള മൊബൈൽ ആപ്ലിക്കേഷനുകളും മറ്റു സംവിധാനങ്ങളുടെയും ഉപയോഗം വർദ്ധിപ്പിക്കുക

വനവുമായി ബന്ധപ്പെട്ട് നൽകി വരുന്ന എല്ലാ സേവനങ്ങളും പൗരന്മാർക്ക് സുതാര്യവും എളുപ്പത്തിൽ ലഭ്യമാകുന്ന രീതിയിലുമുള്ള നൂതന ഡിജിറ്റൽ സംവിധാനങ്ങളിലേക്കു മാറ്റും.

### അവലംബന രീതി

1. വനവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഉൾക്കൊള്ളുന്ന ഏകീകൃത പ്ലാറ്റ്ഫോം വികസിപ്പിച്ച്, പൊതുജനങ്ങൾക്ക് സേവനങ്ങൾ ഒരു സ്ഥലത്ത് നിന്നും ലഭ്യമാക്കും.

2. സേവനലഭ്യത വർദ്ധിപ്പിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി ലളിതമായ ഇന്റർഫേസ്, 24x7 Access, ഫീഡ്ബാക്ക് സംവിധാനങ്ങൾ ഉൾപ്പെടുത്തിയ ജനസൗഹൃദ ഡിജിറ്റൽ സംവിധാനം നടപ്പിലാക്കും.1. വനവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഉൾക്കൊള്ളുന്ന ഏകീകൃത പ്ലാറ്റ്ഫോം വികസിപ്പിച്ച്, പൊതുജനങ്ങൾക്ക് സേവനങ്ങൾ ഒരു സ്ഥലത്ത് നിന്നും ലഭ്യമാക്കും.

2. സേവനലഭ്യത വർദ്ധിപ്പിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി ലളിതമായ ഇന്റർഫേസ്, 24x7 Access, ഫീഡ്ബാക്ക് സംവിധാനങ്ങൾ ഉൾപ്പെടുത്തിയ ജനസൗഹൃദ ഡിജിറ്റൽ സംവിധാനം നടപ്പിലാക്കും.

## ലക്ഷ്യം 4

## കാട്ടുതീ സാദ്ധ്യത പ്രദേശങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷ മേഖലകൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനായുള്ള സംവിധാനം

വനമേഖലകളിൽ സംഭവിക്കാവുന്ന കാട്ടുതീയും മനുഷ്യ–വന്യജീവി സംഘർഷങ്ങളും മുൻകൂട്ടി തിരിച്ചറിയുന്നതിനുള്ള സ്മാർട്ട് നിരീക്ഷണ സംവിധാനങ്ങൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. ബിഗ് ഡാറ്റ അനാലിറ്റിക്സ്, AI/ML, GIS തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മുൻകൂട്ടി മുന്നറിയിപ്പുകൾ നൽകുന്ന പ്രവചനാധിഷ്ഠിത സംവിധാനങ്ങളാണ് ലക്ഷ്യമിടുന്നത്.

### അവലംബന രീതി

1. കാലാവസ്ഥാ വിവരങ്ങൾ, സസ്യാവരണം, മുൻകാല കാട്ടുതീയുടെ പാറ്റേൺ തുടങ്ങിയവയുടെ ബിഗ് ഡാറ്റ വിശകലനം നടത്തി കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി തിരിച്ചറിയുന്ന സംവിധാനങ്ങൾ വികസിപ്പിക്കും.
2. വന്യജീവികളുടെ നീക്കങ്ങൾ, വിളപരിപാലന കാലക്രമം, മനുഷ്യവാസ മേഖലകളുടെ സ്ഥിതിവിവരങ്ങൾ എന്നിവ വിശകലനം ചെയ്ത് സംഘർഷ സാധ്യതയുള്ള മേഖലകൾ മുൻകൂട്ടി കണ്ടെത്തി നടപടികൾ സ്വീകരിക്കും.

## ലക്ഷ്യം 5

## ഡിജിറ്റൽ പരാതി പരിഹാര സംവിധാനത്തോടെ സുതാര്യമായ ഭരണസംവിധാനം ഉറപ്പാക്കും

വനം വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കിക്കൊണ്ടുള്ള ഡിജിറ്റൽ സംവിധാനം വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭരണത്തിന്റെ വിശ്വാസ്യതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കും.

### അവലംബന രീതി

1. സേവനങ്ങൾക്കായുള്ള അപേക്ഷകളുടെ സ്റ്റാറ്റസ്, തീർപ്പാക്കിയ സമയം തുടങ്ങിയ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സുതാര്യ ഡാഷ്ബോർഡുകൾ നടപ്പിലാക്കും.
2. സേവനങ്ങൾ വേഗം നൽകുന്നതിനായി ഡിജിറ്റൽ ആർക്കൈവ്സ് സംവിധാനം നടപ്പിലാക്കും.

മേഖല -7

# അടിസ്ഥാന സൗകര്യ വികസനവും മാനവവിഭവശേഷി വികസനവും

## ലക്ഷ്യം 1

### പരിസ്ഥിതി-സൗഹൃദ താമസ സൗകര്യങ്ങളും ഓഫീസ് സൗകര്യങ്ങളും

പുതുതായി ഓഫീസ് കെട്ടിടങ്ങളും താമസസൗകര്യങ്ങളും പരിസ്ഥിതിസൗഹൃദമായ "ഗ്രീൻ ആർക്കിടെക്ചർ" (ഹരിത സാങ്കേതിക വിദ്യ) മാതൃകയിൽ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. Clean Energy-യും, ജലവിതരണ സംവിധാനങ്ങളുമുൾപ്പടെ പരിസ്ഥിതി സൗഹൃദമായ സൗകര്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

### അവലംബന രീതി

1. ഊർജ്ജ കാര്യക്ഷമത, സ്വാഭാവിക വെളിച്ചം, ഹരിത മേൽക്കൂരകൾ (green roofs) എന്നിവ ഉൾപ്പെടുത്തിയ ഗ്രീൻ ആർക്കിടെക്ചർ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കുക.
2. സൗരോർജ്ജം, ബയോഎനർജി, മഴവെള്ള ശേഖരണം എന്നിവ ഉപയോഗിച്ച് സ്വയംപര്യാപ്തമായ താമസസൗകര്യങ്ങളും ഓഫീസുകളും; റീചാർജ് കുഴികൾ, മാലിന്യം വേർതിരിക്കൽ, ബയോവേസ്റ്റ് മാനേജ്മെന്റ് എന്നിവ ഉൾപ്പെടുത്തി പരിസ്ഥിതിക്ക് ദോഷമില്ലാത്ത ശുചിത്വ സംവിധാനങ്ങൾ എന്നിവയും നടപ്പിലാക്കും.

## ലക്ഷ്യം 2

### നിരീക്ഷണ സംവിധാനങ്ങളുടെ ആധുനികവൽക്കരണം

വനമേഖലകളിലെ പ്രവർത്തനങ്ങൾ, വന്യജീവി നിരീക്ഷണം, കാട്ടുതീ മുന്നറിയിപ്പ്, ആവാസവ്യവസ്ഥ പുനരുദ്ധാരണം തുടങ്ങിയ

മേഖലകളിൽ ആധുനിക നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ച് കാര്യക്ഷമതയും കൃത്യതയും വർധിപ്പിക്കുകയാണ് ലക്ഷ്യം. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡാറ്റ അധിഷ്ഠിത തീരുമാനങ്ങൾ എടുക്കുന്ന സംവിധാനം വികസിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.വനമേഖലകളിലെ പ്രവർത്തനങ്ങൾ, വന്യജീവി നിരീക്ഷണം, കാട്ടുതീ മുന്നറിയിപ്പ്, ആവാസവ്യവസ്ഥ പുനരുദ്ധാരണം തുടങ്ങിയ മേഖലകളിൽ ആധുനിക നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ച് കാര്യക്ഷമതയും കൃത്യതയും വർധിപ്പിക്കുകയാണ് ലക്ഷ്യം. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡാറ്റ അധിഷ്ഠിത തീരുമാനങ്ങൾ എടുക്കുന്ന സംവിധാനം വികസിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

## അവലംബന രീതി

1. IoT സെൻസറുകൾ, ക്യാമറ ട്രാപ്പുകൾ, ജിപിഎസ് ട്രാക്കിംഗ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ചു വന്യജീവി നിരീക്ഷണം, കാട്ടുതീ മുന്നറിയിപ്പ്, ആവാസവ്യവസ്ഥ നിരീക്ഷണം എന്നിവ നടത്തും.

## ലക്ഷ്യം 3

### വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി പുറം ലോകവുമായി ബന്ധിപ്പിക്കുന്ന ആധുനിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

വനാശ്രിതസമൂഹത്തിന്റെ ആവശ്യങ്ങൾക്കും, കൂടാതെ വനസംരക്ഷണത്തിനും പരിപാലനത്തിനുമായി ദുർഘടമായ ഭൂപ്രദേശങ്ങളിലെ ജീവനക്കാർക്കും ആശയവിനിമയം, ഗതാഗതം, അടിയന്തരസഹായം എന്നിവ ഉറപ്പാക്കുന്ന ആധുനിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം.

## അവലംബന രീതി

1. ഉൾപ്രദേശങ്ങളിൽ സാറ്റലൈറ്റ് ഫോണുകൾ, റേഡിയോ നെറ്റ് വർക്കുകൾ, കണക്റ്റിവിറ്റി എന്നിവ ഉറപ്പാക്കും.
2. ദുർഘടമായ പ്രദേശങ്ങളിൽ നിരീക്ഷണത്തിനും രക്ഷാപ്രവർത്തനങ്ങൾക്കും അവശ്യം വേണ്ട പാതകൾ, അനുയോജ്യമായ വാഹനങ്ങൾ, ബോട്ടുകൾ, മോട്ടോർ ബൈക്കുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉറപ്പാക്കും.
3. അപകടമേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ആധുനികസുരക്ഷാ ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കും.

## ലക്ഷ്യം 4

### വനം വന്യജീവി കുറ്റകൃത്യങ്ങളുടെ അന്വേഷണം ആധുനിക ശാസ്ത്രീയ സംവിധാനങ്ങളിലൂടെ മെച്ചപ്പെടുത്തുക

വനം-വന്യജീവി കുറ്റകൃത്യങ്ങൾ കണ്ടെത്താനും തെളിവുകൾ ശേഖരിക്കാനും ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യ ആധാരമാക്കിയുള്ള അന്വേഷണ സംവിധാനങ്ങൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. ശാസ്ത്രീയ അന്വേഷണ മാർഗങ്ങൾ ഉപയോഗിച്ച് കുറ്റാന്വേഷണത്തിന്റെ കൃത്യത, വേഗത, വിശ്വാസ്യത എന്നിവ വർധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

### അവലംബന രീതി

1. വന്യജീവി കുറ്റാന്വേഷണത്തിനായി DNA പരിശോധന, പഗ്ഗ് മാർക്ക്/ ഫുട് പ്രിന്റ് തിരിച്ചറിയൽ, എന്നിവക്കായി ആധുനിക ഫോറൻസിക് ലാബുകളുമായി ചേർന്ന് അന്വേഷണങ്ങൾ ശാസ്ത്രീയമാക്കും.
2. **ഡിജിറ്റൽ തെളിവ് ശേഖരണ സംവിധാനം:** കുറ്റകൃത്യം നടന്ന സ്ഥലങ്ങളിൽ നിന്നും തെളിവുകൾ - ഫോട്ടോ, വീഡിയോ, ജിപിഎസ് വിവരങ്ങൾ ശേഖരിച്ചു, കേന്ദ്രീകൃത ഡാറ്റാബേസിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ തെളിവ് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കും.
3. **കുറ്റാന്വേഷണ പരിശീലനവും സഹകരണവും:** ഫീൽഡ് ഉദ്യോഗസ്ഥർക്കായി ശാസ്ത്രീയ അന്വേഷണം, നിയമനടപടി, ഡാറ്റാ വിശകലനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിച്ച് പോലീസ്, ഫോറൻസിക് വിദഗ്ധർ തുടങ്ങിയ ഏജൻസികളുമായുള്ള സഹകരണം ശക്തിപ്പെടുത്തും.

## ലക്ഷ്യം 5

### മാറുന്ന കാലഘട്ടത്തിനനുസരിച്ച് നൂതന വിഷയങ്ങളിലും നേതൃത്വ വികസനത്തിലും പരിശീലനം നൽകുക

മാറുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വനംസംരക്ഷണത്തിലും ഭരണത്തിലും സാങ്കേതിക നവീകരണത്തിലും പ്രാവീണ്യം പുലർത്തുന്ന ഉദ്യോഗസ്ഥരെയും ഫീൽഡ് സ്റ്റാഫുകളെയും സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. നൂതന വിഷയങ്ങളിലെയും നേതൃത്വ കഴിവുകളിലെയും പരിശീലനങ്ങൾ മുഖേന ജീവനക്കാരുടെ കാഴ്ചപ്പാട് വികസിപ്പിച്ച് ഭരണ കാര്യക്ഷമത വർധിപ്പിക്കുകയാണ് ഉദ്ദേശിക്കുന്നത്.

### അവലംബന രീതി

1. **നൂതന വിഷയങ്ങളിലുള്ള പരിശീലനങ്ങൾ :** ഡിജിറ്റൽ ഗവർണൻസ്, കാലാവസ്ഥാ മാറ്റം, കമ്മ്യൂണിറ്റി എൻഗേജ്മെന്റ്, ഡിജിറ്റൽ ഫോറൻസിക്സ്, തുടങ്ങിയ മേഖലകളിൽ ജീവനക്കാർക്ക് കൃത്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.
2. **നേതൃത്വ വികസന പരിപാടികൾ:** മാനേജീരിയൽ, ടീം ബിൽഡിംഗ് കഴിവുകൾ വികസിപ്പിക്കുന്നതിനായി നേതൃത്വ വികസനപരിശീലനങ്ങൾ നടപ്പിലാക്കും.

## ലക്ഷ്യം 6 പരിശീലന കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുക

2031-ഓടെ വനവകുപ്പിന്റെ എല്ലാ പരിശീലന, ഗവേഷണ കേന്ദ്രങ്ങളെയും ആധുനിക സാങ്കേതിക വിദ്യകളും പരിസ്ഥിതി സൗഹൃദ അടിസ്ഥാന സൗകര്യങ്ങളും ഉള്ള അത്യാധുനിക കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം.

### അവലംബന രീതി

1. **പരിശീലന/ഗവേഷണ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ:** പരിസ്ഥിതി, വന്യജീവി, കാലാവസ്ഥാ പഠനം, GIS തുടങ്ങിയ മേഖലകളിൽ ആധുനിക ലാബുകളും ഡാറ്റാ വിശകലന സംവിധാനങ്ങളും ഉൾപ്പെടുത്തി പരിശീലന/ഗവേഷണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുക.
2. **പരിസ്ഥിതി സൗഹൃദ-ഡിജിറ്റൽ അടിസ്ഥാന സൗകര്യം:** സൗരോർജ്ജം, മഴവെള്ള ശേഖരണം, പേപ്പർലെസ് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി പരിശീലന/ഗവേഷണ കേന്ദ്രങ്ങൾ ഗ്രീൻ-ഡിജിറ്റൽ മാതൃകകളാക്കി മാറ്റുക.

## ലക്ഷ്യം 7 പരിശീലനത്തിനായി Virtual Reality, ഇ-ലേണിംഗ് എന്നിവ പരിചയപ്പെടുത്തുക

വനംവകുപ്പിന്റെ പരിശീലന സംവിധാനങ്ങളെ Virtual Reality, Simulation, e-Learning തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളിലൂടെ പ്രായോഗികവും കാലോചിതമാക്കുകയുമാണ് ലക്ഷ്യം.

## അവലംബന രീതി

1. റിയൽ-ലൈഫ് സിമുലേഷൻ അനുഭവം നൽകുന്ന Virtual Reality അധിഷ്ഠിത പരിശീലനങ്ങൾ നടപ്പിലാക്കുക. പരിശീലന കോഴ്സുകൾ, പഠനസാമഗ്രികൾ, വീഡിയോകൾ എന്നിവ ഓൺലൈനായി ലഭ്യമാക്കുന്ന e-Learning പോർട്ടലുകളും മൊബൈൽ ആപ്പുകളും വികസിപ്പിക്കുക.
2. ഓൺലൈൻ പഠനവും ഫീൽഡ് പ്രായോഗിക പരിശീലനവും സംയോജിപ്പിച്ച "Blended Learning" മാതൃക നടപ്പിലാക്കി ആധുനിക രീതിയിലുള്ള പഠന സംസ്കാരം ഉറപ്പാക്കുക.

---

## ലക്ഷ്യം 8 സ്പെഷ്യലൈസ്ഡ് സാങ്കേതിക വിങ്ങുകളുടെ രൂപീകരണം

ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം വനസംരക്ഷണത്തിന്റെയും വനം-വന്യജീവി കുറ്റാന്വേഷണത്തിന്റെയും സ്വഭാവം മാറിക്കൊണ്ടിരിക്കുന്നു. സൈബർ നിരീക്ഷണം, ഡ്രോൺ കമ്മ്യൂണിക്കേഷൻ, റിയൽ-ടൈം ഡാറ്റ ഇന്റലിജൻസ് എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ, സൈബർ സുരക്ഷ, ടെലികമ്മ്യൂണിക്കേഷൻ, ഡിജിറ്റൽ ഫോറൻസിക്സ് തുടങ്ങിയ മേഖലകളിൽ പ്രത്യേക പ്രാവീണ്യമുള്ള ശാഖകൾ (Specialised Wings) വനം വകുപ്പിൽ രൂപികരിക്കുന്നതിനുള്ള ശ്രമം ഉണ്ടാകും. ഇതിലൂടെ വനം-വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിലും അടിയന്തര സാഹചര്യം കൈകാര്യം ചെയ്യുന്നതിലും കഴിവുള്ള വകുപ്പായി വനം വകുപ്പിനെ മാറ്റാൻ കഴിയും.

## അവലംബന രീതി

1. **സൈബർ സുരക്ഷയും ഡിജിറ്റൽ അന്വേഷണം ശക്തിപ്പെടുത്തുക:** വനം-വന്യജീവി കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടു നടക്കുന്ന ഓൺലൈൻ ഇടപാടുകൾ, കടത്തുബന്ധങ്ങളുള്ള സൈബർ രഹസ്യ പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്താനും തടയാനും സൈബർ ഇന്റലിജൻസ് സംവിധാനങ്ങൾ നടപ്പിലാക്കും.
2. **ദുർഘട മേഖലകളിലെ ആശയവിനിമയ സൗകര്യം വർദ്ധിപ്പിക്കുക:** സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ, ഹൈബ്രീഡ് റേഡിയോ നെറ്റ്വർക്കുകൾ, ഡ്രോൺ-അടിസ്ഥാനത്തിലുള്ള മെസേജിംഗ് സംവിധാനങ്ങൾ എന്നിവ ഉപയോഗിച്ച് വളരെ ദുർഘടമായ വനപ്രദേശങ്ങളിലുള്ള സ്റ്റാഫിന് പോലും സുരക്ഷിതമായ ആശയവിനിമയം ഉറപ്പാക്കും.

3. **ഡിജിറ്റൽ ഫോറൻസിക് ശേഷി വികസിപ്പിക്കുക:** Wildlife cybercrime, ഡാറ്റ ടാംപറിംഗ് തുടങ്ങിയ വിഷയങ്ങളിൽ ഡിജിറ്റൽ തെളിവുകൾ ശാസ്ത്രീയമായി പരിശോധിക്കുന്നതിന് വേണ്ടിയുള്ള ഫോറൻസിക് ശേഷി വർദ്ധിപ്പിക്കും.

## ലക്ഷ്യം 9

## വനം വകുപ്പിലെ സ്റ്റാഫ് പാറ്റേണും മനുഷ്യവിഭവ ശേഷിയും ശാസ്ത്രീയമായി പുനഃപരിശോധിക്കും

കാലത്തിന്റെ മാറുന്ന ആവശ്യകതകൾ, സാങ്കേതിക വളർച്ച, വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പുതിയ വിഷയങ്ങളും വെല്ലുവിളികളും കണക്കിലെടുത്ത് വനം വകുപ്പിന്റെ സ്റ്റാഫ് പാറ്റേണും ചുമതല വിഭജനവും ശാസ്ത്രീയമായി വിലയിരുത്തുകയും, ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കുകയും ചെയ്യും. ഇതിലൂടെ സംരക്ഷണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉയർത്തുകയും സ്റ്റാഫിന്റെ ജോലിഭാരം യുക്തിപരമായി പരിഹരിക്കുകയും ചെയ്യും.

### അവലംബന രീതി

1. **ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നത്:** മാറുന്ന കാലത്തിനനുസരിച്ചു ജോലിയിലെ ഉത്തരവാദിത്വങ്ങളും രീതികളും മാറേണ്ടതുണ്ട്. ഇത് കണക്കിലെടുത്ത് പദവികളെയും ചുമതലകളെയും കുറിച്ച് പഠനം നടത്തി ആവശ്യമെങ്കിൽ വേണ്ട മാറ്റങ്ങൾ വരുത്തും.
2. **വിഷയവിദഗ്ധരുടെ സേവനം വർധിപ്പിക്കുക:** Wildlife biologists, communication experts, cyber/tech specialists തുടങ്ങിയ വിഷയ വിദഗ്ധരുടെ സേവനങ്ങൾ ഉപയോഗിക്കുന്നത് വർദ്ധിപ്പിക്കും.
3. **ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുകയും അതെ സമയം സേവന നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യും:** ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, ആവശ്യമെങ്കിൽ തസ്തികകളുടെ പുനഃക്രമീകരണവും മറ്റു അനുബന്ധ നടപടികളും നടപ്പിലാക്കി ജോലിഭാരം കുറയ്ക്കുകയും സേവന നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യും.

## മേഖല -8

# കാലാവസ്ഥാ വ്യതിയാനവും വനം വന്യജീവി സംരക്ഷണത്തിന്റെ ഭാവിയും

## ലക്ഷ്യം 1

### കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന വനവൽക്കരണരീതികൾ പ്രോത്സാഹിപ്പിക്കുക

വരൾച്ചയെയും വെള്ളപ്പൊക്കത്തെയും പ്രതിരോധിക്കുന്ന തദ്ദേശീയ വൃക്ഷ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുകയും അത് വഴി കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദോഷങ്ങൾ ചെറുക്കുകയും ചെയ്യുക; അതിനായി ലാൻഡ്സ്കേപ്പ്-ലെവൽ പ്ലാനിംഗ്, സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം എന്നിവയ്ക്ക് ഊന്നൽ നൽകുക.

### അവലംബന രീതി

1. വരൾച്ചയെയും വെള്ളപ്പൊക്കത്തെയും ചെറുക്കാൻ കഴിയുന്ന തദ്ദേശീയ വൃക്ഷ ഇനങ്ങൾ തിരഞ്ഞെടുക്കുകയും, അവയുടെ വ്യാപനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
2. മണ്ണ് - ജല സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ മുൻനിർത്തി ലാൻഡ്സ്കേപ്പ്-ലെവൽ വനപരിപാലന രീതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും പരിസ്ഥിതിയുടെ സമഗ്രമായ പ്രതിരോധശേഷി വർധിപ്പിക്കുകയും ചെയ്യും.
3. ശോഷണം സംഭവിച്ചിട്ടുള്ള ആവാസവ്യവസ്ഥകളും വനപ്രദേശങ്ങളും പുനഃസ്ഥാപിച്ച്, സ്വാഭാവിക വനങ്ങളുടെ കാർബൺ ശേഖരണ ശേഷിയും പാരിസ്ഥിതിക മൂല്യവും വർധിപ്പിക്കും. 1. വരൾച്ചയെയും വെള്ളപ്പൊക്കത്തെയും ചെറുക്കാൻ കഴിയുന്ന തദ്ദേശീയ വൃക്ഷ ഇനങ്ങൾ തിരഞ്ഞെടുക്കുകയും, അവയുടെ വ്യാപനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

2. മണ്ണ് - ജല സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ മുൻനിർത്തി ലാൻഡ്സ്കേപ്പ്-ലെവൽ വനപരിപാലന രീതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും പരിസ്ഥിതിയുടെ സമഗ്രമായ പ്രതിരോധശേഷി വർധിപ്പിക്കുകയും ചെയ്യും.

3. ശോഷണം സംഭവിച്ചിട്ടുള്ള ആവാസവ്യവസ്ഥകളും വനപ്രദേശങ്ങളും പുനഃസ്ഥാപിച്ച്, സ്വാഭാവിക വനങ്ങളുടെ കാർബൺ ശേഖരണ ശേഷിയും പാരിസ്ഥിതിക മൂല്യവും വർധിപ്പിക്കും.

## ലക്ഷ്യം 2

### കാർബൺ ശേഖരം വർദ്ധിപ്പിക്കലും (കാർബൺ സ്വാംശീകരണം) കാർബൺക്രെഡിറ്റ് അക്കൗണ്ടിംഗും മെച്ചപ്പെടുത്തുക

കാർബൺ ന്യൂട്രാലിറ്റി ലക്ഷ്യമിട്ട് വനമേഖലയുടെ സംഭാവന ഗണ്യമായി വർധിപ്പിക്കുകയും, കേരളത്തിന്റെ കാർബൺ ന്യൂട്രാലിറ്റി റോഡ്മാപ്പ് പ്രകാരമുള്ള ടാർഗറ്റിലേക്ക് എത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം, വൃക്ഷവൽക്കരണം, മണ്ണിലെ കാർബൺ വർധനവ് എന്നിവയിലൂടെ വനാധിഷ്ഠിത കാർബൺ സിങ്കുകൾ വിപുലീകരിക്കുകയും, കാർബൺ ക്രെഡിറ്റ് അക്കൗണ്ടിംഗ് സംവിധാനങ്ങൾ ശാസ്ത്രീയമായി മെച്ചപ്പെടുത്തുകയും ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

### അവലംബന രീതി

1. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനവും വൃക്ഷവൽക്കരണ പ്രവർത്തനങ്ങളും വഴി അന്തരീക്ഷത്തിൽ നിന്നുള്ള Carbon Sequestration വർധിപ്പിക്കുക.
2. കാർബൺ ശേഖരണ പ്രവർത്തനങ്ങളെ കൃത്യമായി അളക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്ന ശാസ്ത്രീയ കാർബൺ അക്കൗണ്ടിംഗ് സംവിധാനം വികസിപ്പിച്ച്, കാർബൺ മാർക്കറ്റുകളിൽ പങ്കാളിത്തം ഉറപ്പാക്കുക.
3. കേരളത്തിന്റെ കാർബൺ ന്യൂട്രാലിറ്റി റോഡ്മാപ്പ് അനുസരിച്ച് വനംമേഖലയുടെ പങ്ക് കൃത്യമായി നിർണ്ണയിച്ച്, നിശ്ചിത ടാർഗറ്റുകൾ കൈവരിക്കുന്നതിനായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

## ലക്ഷ്യം 3

### മൈക്രോ ആവാസവ്യവസ്ഥയുടെ (മൈക്രോ ഹാബിറ്റാറ്റ്) പരിപാലനം

ചെറിയതും നിർണ്ണായകവുമായ ആവാസവ്യവസ്ഥകൾ (micro-habitats) സംരക്ഷിച്ച്, സസ്യ- ജന്തുജാലങ്ങളുടെ നിലനിൽപ്പിനും പ്രജനനത്തിനും ആവശ്യമായ പാരിസ്ഥിതിക ഘടകങ്ങൾ ഉറപ്പാക്കും.

## അവലംബന രീതി

1. നിർണ്ണായകമായ ആവാസവ്യവസ്ഥകൾ തിരിച്ചറിഞ്ഞ് സംരക്ഷണ പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്യുക.
2. നാശോന്മുഖമായ ചെറു ആവാസവ്യവസ്ഥകളിൽ പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## ലക്ഷ്യം 4 ബയോഡൈവേഴ്സിറ്റി ആക്ട് നടപ്പിലാക്കൽ

ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കാർബൺ മാനേജ്മെന്റിനും പാരിസ്ഥിതിക സേവനങ്ങൾക്കും പുതിയ സാമ്പ ത്തിക ഉറവിടങ്ങൾ കണ്ടെത്തും.

## അവലംബന രീതി

1. ബയോഡൈവേഴ്സിറ്റി ഫണ്ടുകൾ (Access and Benefit Sharing) കാർബൺ പ്രോ ജക്റ്റുകളുമായി ബന്ധിപ്പിക്കുക.
2. പ്രാദേശിക ബയോഡൈവേഴ്സിറ്റി കമ്മിറ്റികൾ വഴി പരിസ്ഥിതി സംരക്ഷണ പദ്ധ തികൾക്കായി സാമ്പത്തിക സഹായം ഉറപ്പാക്കുക.

## ലക്ഷ്യം 5 ജിയോ-ടാഗിംഗ്, ബൗദ്ധിക സ്വത്തവകാശങ്ങൾ (Geotagging & IPR Protection)

ജൈവവൈവിധ്യത്തോടും പാരമ്പര്യ അറിവുകളോടും ബന്ധ പ്പെട്ട ഭൂമിശാസ്ത്ര– ബൗദ്ധിക സ്വത്തവകാശങ്ങൾ സംരക്ഷിക്കുന്ന തിനായി ജിയോ-ടാഗിംഗ്, ഡിജിറ്റൽ റെക്കോർഡിംഗ്, ഐ.പി.ആർ. (Intellectual Property Rights) സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

## അവലംബന രീതി

1. ജൈവവൈവിധ്യത്തോടു ബന്ധമുള്ള പാരമ്പര്യ അറിവുകളും, സസ്യ- ജന്തുജാല ങ്ങളുടെ വിവരങ്ങളും ചേർത്ത് ഡിജിറ്റൽ റിപ്പോസിറ്ററി തയ്യാറാക്കുക.
2. Geotagged biodiversity repositories തയ്യാറാക്കുകയും ഗവേഷണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുക.

## ലക്ഷ്യം 6

### വനത്തിന് പുറത്തുള്ള പ്രദേശങ്ങൾ പ്രത്യേകിച്ചു സ്ഥാപനങ്ങൾ കാർബൺ ഫുട്പ്രിന്റ് കണക്കാക്കുന്നതിനു (Carbon Footprint Assessment) വേണ്ട നടപടി സ്വീകരിക്കും

സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, വ്യവസായങ്ങൾ തുടങ്ങി വനത്തിന് പുറത്തുള്ള മേഖലകളിലും കാർബൺ ഫുട്പ്രിന്റ് അളക്കുകയും കുറയ്ക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും.

#### അവലംബന രീതി

1. Carbon Audit & Reporting സംവിധാനം നടപ്പിലാക്കുക.
2. പൊതുമേഖലാ–സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടുത്തി കാർബൺ ഫുട്പ്രിന്റ് കുറയ്ക്കുവാൻ വേണ്ട പദ്ധതികൾ നടപ്പാക്കുക.
3. “Carbon Conscious Kerala” എന്ന ആശയം അടിസ്ഥാനമാക്കി എല്ലാ സ്ഥാപനങ്ങളും കാർബൺ മുക്തമാക്കുന്നതിനുള്ള റോഡ്മാപ്പ് തയ്യാറാക്കുക.

## ലക്ഷ്യം 7

### നഗരമേഖലകളിൽ Zonation മാപ്പിംഗ് നടത്തും

കാർബൺ ന്യൂട്രൽ നഗരം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഹീറ്റ് ഐലാൻഡ് പ്രതിഭാസം കുറയ്ക്കുന്നതിനായും നഗരങ്ങളിലെ ഹരിതമേഖലകളുടെ സയന്റിഫിക് സോണേഷൻ മാപ്പിംഗ് നടത്തും.

#### അവലംബന രീതി

1. GIS അടിസ്ഥാനമാക്കി നഗര വനമേഖലകളുടെ മാപ്പിംഗ് നടത്തുക.
2. വായു ഗുണനിലവാരം, ജലസ്രോതസ്സ്, താപനില എന്നിവയെ അടിസ്ഥാനമാക്കി Urban Green Zone Plans തയ്യാറാക്കുക.
3. “One City – One Green Lung” എന്ന ആശയവുമായി ഓരോ നഗരത്തിലും Nagaravanam പദ്ധതികൾ രൂപപ്പെടുത്തുക.

## ലക്ഷ്യം 8

### "ഗ്രീൻ ഇക്കണോമി ഫ്രെയിംവർക്ക്" സ്ഥാപിക്കുക

കാർബൺ ക്രെഡിറ്റ് സംവിധാനങ്ങൾ, ആനുകൂല്യങ്ങൾ സമൂഹവുമായി തുല്യമായി പങ്കിടൽ, തുടങ്ങിയവയിലൂടെ പ്രകൃതി സംരക്ഷണത്തെ ഉപജീവനമാർഗ്ഗവുമായി ബന്ധിപ്പിക്കുക.

### അവലംബന രീതി

1. കാർബൺ ക്രെഡിറ്റ്, പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച ഗ്രീൻ ഇക്കണോമി ഫ്രെയിംവർക്ക് വികസിപ്പിക്കുക.
2. കേരളത്തിൽ "ക്ലീൻ ഇലക്ട്രിസിറ്റി" പദ്ധതിയെ പിന്തുണയ്ക്കുന്നതിനായി സംസ്ഥാനവ്യാപകമായി കെ.എഫ്.ഡി.സിയുടെ വിവിധ കേന്ദ്രങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ, കാറ്റാടി പാടങ്ങൾ എന്നിവ സ്ഥാപിച്ച് ഊർജോത്പാദന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## ലക്ഷ്യം 9

### ഗവേഷണം, വിജ്ഞാന കേന്ദ്രങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും പുതിയ കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതിയും ജൈവവൈവിധ്യവും നിരന്തരം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന സമഗ്ര ഗവേഷണ–വിജ്ഞാന ശൃംഖല സൃഷ്ടിക്കുകയാണ് ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതിക സേവനങ്ങൾ, കാർബൺ ഡൈനാമിക്സ്, മനുഷ്യ–വന്യജീവി ബന്ധം തുടങ്ങിയ വിഷയങ്ങളിൽ തുടർച്ചയായ പഠനവും നൂതന കണ്ടെത്തലുകളും പ്രോത്സാഹിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

### അവലംബന രീതി

1. Western Ghats Research and Knowledge Hub സ്ഥാപിക്കുന്നത് - വിവിധ ഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, പൗരശാസ്ത്ര (Citizen Science) കൂട്ടായ്മകൾ എന്നിവയെ കോർത്തിണക്കി പശ്ചിമഘട്ട ഗവേഷണ വിജ്ഞാന കേന്ദ്രം (Western Ghats Research and Knowledge Hub) സ്ഥാപിക്കുക.
2. തുടർച്ചയായ നിരീക്ഷണവും ഡാറ്റ ശേഖരണവും - ജൈവവൈവിധ്യം, വന്യജീവികളുടെ നീക്കങ്ങൾ , ആവാസവ്യവസ്ഥാ മാറ്റങ്ങൾ, കാർബൺ സൈക്കിൾ തുടങ്ങിയ വിഷയങ്ങളിൽ ദീർഘകാല നിരീക്ഷണ സംവിധാനം വികസിപ്പിക്കുക.

3. പുതിയ കണ്ടെത്തലുകൾക്കും പ്രോത്സാഹനം - ഗവേഷണ പദ്ധതികൾ, വിദ്യാർത്ഥി-വിദഗ്ധ കൂട്ടായ്മകൾ, പൈലറ്റ് പ്രോഗ്രാമുകൾ എന്നിവയിലൂടെ ശാസ്ത്രീയ കണ്ടെത്തലുകളും സാങ്കേതിക നവീകരണങ്ങളും പ്രോത്സാഹിപ്പിക്കുക.

## ലക്ഷ്യം 10 ഫോറസ്റ്റ് സർട്ടിഫിക്കേഷൻ

കേരളത്തിലെ വനമേഖലകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വനം സർട്ടിഫിക്കേഷൻ സംവിധാനങ്ങളിലുടെ ശാസ്ത്രീയമായും ഉത്തരവാദിത്വപരമായും പരിപാലിക്കുന്ന മാതൃകയാക്കി മാറ്റുകയാണ് ലക്ഷ്യം.

### അവലംബന രീതി

1. അന്താരാഷ്ട്ര നിലവാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് വനസംരക്ഷണവും ഉൽപ്പാദനവും സുസ്ഥിരമായി നടത്തുകയും വനം സർട്ടിഫിക്കേഷൻ നേടിയെടുക്കുകയും ചെയ്യും.
2. വനോൽപ്പന്നങ്ങളുടെ ട്രേസബിലിറ്റി (Traceability) ഉറപ്പാക്കുന്നതിനായി വനമേഖലകളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ഉറവിടം, ശേഖരണം, വിപണനം എന്നിവ ഡിജിറ്റൽ മാർഗ്ഗങ്ങളിൽ രേഖപ്പെടുത്തുകയും, ഉൽപ്പന്നങ്ങൾ നിയമപരമായും പരിസ്ഥിതി സൗഹൃദമായും ഉറപ്പാക്കുന്ന സംവിധാനം നടപ്പിലാക്കും.
3. വിപണനവും ആഗോള അംഗീകാരവും: സർട്ടിഫിക്കേഷൻ ലഭിച്ച വനോൽപ്പന്നങ്ങൾക്ക് പ്രാദേശിക-ദേശീയ-ആഗോള വിപണികളിൽ മാർക്കറ്റ് വർധിപ്പിച്ച്, വനമേഖലയുടെ സാമ്പത്തിക മൂല്യം ഉയർത്തും.

## ലക്ഷ്യം 11 വനമേഖലയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനായി ആധുനിക റിയൽ-ടൈം നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുക

വനങ്ങളിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനും അതിന്റെ ദീർഘകാല ഫലങ്ങൾ മനസ്സിലാക്കുന്നതിനുമായി ആധുനിക റിയൽ-ടൈം നിരീക്ഷണ സംവിധാനം സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. കാലാവസ്ഥാ ഡാറ്റ, ആവാസവ്യവസ്ഥാ മാറ്റങ്ങൾ, വന്യജീവികളുടെ സ്വഭാവവിശേഷങ്ങൾ എന്നിവ നിരന്തരം നിരീക്ഷിച്ച് ശാസ്ത്രീയമായ ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്.

## അവലംബന രീതി

1. വനമേഖലകളിൽ താപനില, ഈർപ്പം, മഴ, കാർബൺ, മണ്ണ് തുടങ്ങിയ ഘടകങ്ങൾ നിരന്തരം അളക്കുന്ന സെൻസർ സംവിധാനങ്ങൾ സ്ഥാപിക്കുക.
2. ശേഖരിച്ച കാലാവസ്ഥാ ഡാറ്റ കൃത്യമായി വിശകലനം ചെയ്ത് മാറ്റങ്ങളുടെ പ്രവണതകൾ തിരിച്ചറിയാനും, കാലാവസ്ഥാ വ്യതിയാന നയങ്ങൾ രൂപപ്പെടുത്താനും, ഇടപെടലുകൾ നടത്തുവാനും ഉപയോഗിക്കുക.
3. വനങ്ങളിലെ ആവാസവ്യവസ്ഥാ മാറ്റങ്ങൾ, സസ്യ വർഗ്ഗങ്ങൾ, കാർബൺ ഡൈനാമിക്സ് എന്നിവ ദീർഘകാലമായി പഠിക്കുന്ന സ്ഥിരമായ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

# സംഗ്രഹം

കേരളജനതയുടെ സുസ്ഥിരവും സുരക്ഷിതവുമായ ഭാവിക്കുവേണ്ടി പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടും മനുഷ്യ-വന്യജീവി സംഘർഷരഹിത കേരളം സൃഷ്ടിക്കാനുമാണ് സർക്കാർ ഈ നയം മുന്നോട്ട് വയ്ക്കുന്നത്.

കേരള വനം-വന്യജീവി വകുപ്പ്

Printed and published by

**Forestry Information Bureau**
Forest Headquarters, Vazhuthacaud,
Thiruvananthapuram-14